കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പാണഞ്ചേരി ഗ്രാമപഞ്ചായത്ത്

2017-18

ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.പി8 /799 /2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ – 6800020
ഫോൺ : 0487-2331249
ഇ-മെയിൽ : dotst.ksad@kerala.gov.in

തീയതി:11 /06 /19

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്, (സെക്രട്ടറി മുഖേന)

പാണഞ്ചേരി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പാണഞ്ചേരി ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ 3-1 ഖണ്ഡികയിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ

ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3) കാര്യാലയ പകർപ്പ്

നം. കെ.എസ്.എ.ടി.എസ്.ആർ.പി8 /799/2019, തിയ്യതി : 11/06/19

# തൃശ്ശൂർ ജില്ലയിലെ പാണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പാണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 21/09/17 മുതൽ 31/03/18 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2017-18 സാമ്പത്തിക വർഷം വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സൈമൺ .കെ, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 25-04-2019 മുതൽ 04-05-2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | തുളസിദാസ്.വി.ജി. | ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്) |
| | ഹണി. കെ.എസ് | അസി.ഓഡിറ്റ് ഓഫീസർ |

| | | |
|---|---|---|
| | ഷൈനികൃഷ്ണദാസ്.ഇ | അസി.ഓഡിറ്റ് ഓഫീസർ |
| | സുമ. വി.കെ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| പേര് | ഉദ്യോഗപേര് | കാലയളവ് |
|---|---|---|
| ശ്രീമതി.അനിത.കെ.വി. | പ്രസിഡന്റ് | 1.04.2017 മുതൽ 31.03.2018 വരെ |
| ശ്രീ. ഭാസുരാംഗൻ.വി. | സെക്രട്ടറി | 1.04.2017 മുതൽ 31.05.2017വരെ |
| ശ്രീ.ജെയിംസ്.കെ.സി. | സെക്രട്ടറി ഇൻ ചാർജ്ജ് | 1.06.2017 മുതൽ 12.06.2017 വരെ |
| ശ്രീ.പ്രദീപ്.കെ. | സെക്രട്ടറി | 13.06.2017 മുതൽ 11.02.2018 വരെ |
| ശ്രീ.ജെയിംസ്.കെ.സി. | സെക്രട്ടറി ഇൻ ചാർജ്ജ് | 12.02.2018 മുതൽ 25.02.2018 വരെ |
| ശ്രീ.പ്രദീപ്.കെ. | സെക്രട്ടറി | 26.02.2018 മുതൽ 31.03.2018 വരെ |

സി)നിർവ്വഹണഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.എഞ്ചിനീയർ | ശ്രീ.ഹംസ.പി.എ. | 01-04-2017 മുതൽ 31-05-2017 വരെ |
| | ശ്രീ. രാജീവ്.കെ.കെ. (അഡീഷണൽ ചാർജ്ജ്) | 01-06-2017മുതൽ 06-06-2017വരെ |
| | ശ്രീ.ഹംസ.പി.െഎ. | 07-06-2017മുതൽ 16-10-2017വരെ |
| | ശ്രീ.റോയ്.എം.കെ | 17-10-2017മുതൽ 07-11-2017വരെ |
| | ശ്രീമതി.പ്രഗിത.വി (അഡീഷണൽ ചാർജ്ജ്) | 08-11-2017മുതൽ 16-11-2017വരെ |
| | ശ്രീ.ഹംസ.പി.െഎ | 17-11-2017മുതൽ 31-03-2018വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ലക്ഷ്മി.കെ.എം. | 01-04-2017 മുതൽ 31-03-2018 വരെ |

| | | |
|---|---|---|
| വെറ്ററിനറി സർജൻ | ഡോ. ജോൺ ജേക്കബ് | 01-04-2017 മുതൽ 31-03-2018വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. സജീന.എ | 01-04-2017 മുതൽ 31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | ഡോ.ആശ.കെ | 01-04-2017 മുതൽ 31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.ശ്രീദേവി.എം.കെ. | 01-04-2017 മുതൽ 31-03-2018 വരെ |
| അസി.സെക്രട്ടറി | ശ്രീ.ജെയിംസ്.കെ.സി. | 01-04-2017 മുതൽ 31-03-2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.സുധർമ്മിണി. | 01-04-2017 മുതൽ 31-03-2018 വരെ |
| വി.ഇ.ഒ. (സർക്കിൾ) | ശ്രീമതി.സുമിത ബേബി | 01-04-2017 മുതൽ 31-03-2018 വരെ |
| വി.ഇ.ഒ. (സർക്കിൾ) | ശ്രീമതി.പ്രജിത.സി.ബി. | 01-04-2017 മുതൽ 31-03-2018 വരെ |
| വി.ഇ.ഒ. (സർക്കിൾ) | ശ്രീമതി.മീര വാര്യർ | 01-04-2017 മുതൽ 31-03-2018 വരെ |
| പ്രധാന അദ്ധ്യാപിക ജി.യു.പി.എസ് | ശ്രീമതി.രഞ്ജിനി.സി. | 01-04-2017 മുതൽ 31-03-2018വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.അമ്പിളി.എൻ.എസ് | 01-04-2017 മുതൽ 31-03-2018 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം-1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |

| | | |
|---|---|---|
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പെൻഷനുകൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം-2 | |
| 13 | തനത് വരുമാനം ഒന്നിൽ കൂടുതൽ ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിച്ചിരിക്കുന്നു. | 2-1 |
| 14 | പെർമിറ്റ് ഫീസ് വ്യത്യസ്ത നിരക്കിൽ ഈടാക്കിയിരിക്കുന്നു | 2-2 |
| 15 | ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല | 2-3 |
| 16 | റേഷൻ റീട്ടെയിൽ ഡിപ്പോകൾ,കല്യാണ മണ്ഡപങ്ങൾ എന്നിവ ഡി&ഒ ലൈസൻസ് എടുത്തിട്ടില്ല. | 2-4 |
| 17 | ക്വാറി ലൈസൻസ് -വിവരങ്ങൾ ലഭ്യമാക്കിയില്ല | 2-5 |
| 18 | വാടക – പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നില്ല | 2-6 |
| 19 | തൊഴിൽ നികുതി അപാകതകൾ | 2-7 |
| 20 | ഇ-ടെണ്ടർ -ടെണ്ടർ ഫോം വിലയിനത്തിൽ 267450/- രൂപ ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയറിൽ നിന്നും തിരികെ ലഭിച്ചില്ല. | 2-8 |
| | ഭാഗം-3 | |
| 21 | ടാങ്കർ ലോറിയിൽ കുടിവെള്ള വിതരണം - 2325300/- രൂപയുടെ ചെലവിൽ 831800/- രൂപയുടെ മാത്രം ട്രിപ്പ് ഷീറ്റ് ഹാജരാക്കി - 1493500/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. | 3-1 |
| 22 | പേ റിവിഷൻ അരിയർ - അധിക തുക നല്കി. | 3-2 |
| 23 | ഒരു പ്രോജക്റ്റിനായി രണ്ട് എസ്റ്റിമേറ്റ് തയ്യാറാക്കി രണ്ടായി പ്രവൃത്തി ചെയ്യുന്നു - | 3-3 |

| | | |
|---|---|---|
| | ക്രമപ്രകാരമല്ല | |
| 24 | കുഴിച്ചെടുത്ത 731.848m3 മണ്ണ് എന്തുചെയ്തുവെന്നത് വ്യക്തമല്ല | 3-4 |
| 25 | വിനിയോഗവിവരം ഇല്ല | 3-5 |
| 26 | ഡെപ്പോസിറ്റ് പ്രവൃത്തികൾ-- അപാകതകൾ | 3-6 |
| 27 | S029/18-- പട്ടികജാതി വനിതവ്യവസായസമുച്ചയം ഇലക്ട്രിഫിക്കേഷൻ--അപാകതകൾ | 3-7 |
| 28 | തെരുവുവിളക്കുകൾ വാങ്ങൽ,അറ്റകുറ്റപ്പണികൾ --പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-8 |
| 29 | തുക സഞ്ചിതനിധിയിലേക്ക് അടവാക്കിയിട്ടില്ല. | 3-9 |
| 30 | സാന്ത്വനപരിചരണ പരിപാടി - വാഹനവാടകയിനത്തിൽ അധിക തുക അനുവദിച്ചു | 3-10 |
| 31 | കന്നുകുട്ടി പരിപാലന പദ്ധതി | 3-11 |
| 32 | കുടിവെള്ള പദ്ധതികൾ - പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല | 3-12 |
| 33 | അധിക തുക കരാറുകാരന് നല്കി | 3-13 |
| 34 | 495000/- രൂപ എസ്റ്റിമേറ്റുള്ള പ്രവൃത്തിയിൽ 98722/- രൂപയുടെ മാത്രം പ്രവൃത്തി നിർവഹിച്ച് ഫൈനൽ ബിൽ നല്കി. | 3-14 |
| 35 | ആസ്തികൾ ഉപയോഗപ്പെടുത്തുന്നില്ല | 3-15 |
| 36 | കാലതാമസത്തിന് ഫൈൻ ഈടാക്കുന്നില്ല | 3-16 |
| 37 | ലാപ്ടോപ്പ് വിതരണം - പദ്ധതികളിലെ അപാകതകൾ | 3-17 |
| 38 | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ-രേഖകൾ ഹാജരാക്കിയില്ല ചെലവ് തുക തടസ്സപ്പെടുത്തുന്നു | 3-18 |
| 39 | പട്ടികജാതി / പട്ടിക വർഗ്ഗ ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് പുതിയ സൈക്കിൾ വാങ്ങി നൽകൽ- പദ്ധതികളിലെ അപാകതകൾ | 3-19 |
| 40 | ക്യാമ്പുകളുടെ നടത്തിപ്പ് - മാർഗ്ഗരേഖ നിർദ്ദേശം പാലിച്ചില്ല. | 3-20 |
| | ഭാഗം-4 | |
| 41 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |

| | | |
|---|---|---|
| 42 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 43 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 44 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 45 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 46 | ഓഡിറ്റ് റിക്കവറി | 4-6 |
| 47 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 48 | ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-8 |
| 49 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 50 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 51 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 52 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം-2 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

28-03-2017 തീയതിയിലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 21-03-2018 ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

പ്രതീക്ഷിത വരവ് – 24,12,69,116/-

പ്രതീക്ഷിത ചെലവ് –22,83,71,809/-

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2018 | 01-06-2018 | - | - |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | | |
|---|---|---|
| 2017-18 | 05-07-2018 മുതൽ 06-07-2018 വരെ | കെ.എസ്.എ ടി.എസ്.ആർ(ഇ3) 1150/18(38) തീയതി 11-07-2018 |

## 1-4 സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 23889932 |
| വരവ് | 131574926 |
| ആകെ | 155464858 |
| ചെലവ് | 143696565 |
| നീക്കിയിരിപ്പ് | 11768293 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി/ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 49380273 | 49380273 | 40626596 | 8753677 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 8147686 | 8147686 | 8130171 | 17515 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 2970793 | 2970793 | 2513645 | 457148 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 16354000 | 16354000 | 11397434 | 4956566 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 6292335 | 6292335 | 4611874 | 1680461 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(ACR പ്രകാരം) | | 0 | 27856006 | 27856006 | 20205234 | 7650772 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) – state | | 0 | 2976881 | 2976881 | 2174510 | 802371 |
| Central | | 0 | 4450906 | 4450906 | 3402255 | 1048651 |
| സാക്ഷരത | | 0 | 0 | 0 | 0 | 0 |
| ദുരിതാശ്വാസനിധി | | 0 | 0 | 0 | 0 | 0 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി (Revenue and capital expenditure) | 0 | 16166000 | 16166000 | 16166000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 43310 | 1017095 | 1060405 | 1057113 | 3292 |
| കേന്ദ്രാവിഷ്കൃതഫണ്ടുകൾ(ഇനംതിരിച്ച്) | | | | | | |
| ടി.എസ്.സി. | | 315000 | 282493 | 597493 | 253415 | 344078 |
| ഐ.സി.ഡി.എസ് | | 2097685 | 200066 (ട്രയൽ ബാലൻസ് പ്രകാരം) | 2297751 | 84044 | 2213707 |
| എം.പി.ഫണ്ട് | | 83398 | 0 | 83398 | 0 | 83398 |
| പൈക്ക | | 0 | 0 | 0 | 0 | 0 |
| എൻ.എം.ബി.എസ് | | 0 | 0 | 0 | 0 | 0 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| എസ്.സി.ഡവലപ്പ്മെന്റ് | | 0 | 0 | 0 | 0 | 0 |
| ആയുർവ്വേദം | | 0 | 0 | 0 | 0 | 0 |
| എം.എൽ.എ.ഫണ്ട് | | 0 | 0 | 0 | 0 | 0 |
| കേരളോൽസവം | | 15000 | 0 | 15000 | 15000 | 0 |
| വിമുക്തി | | 25000 | 12500 | 37500 | 22975 | 14525 |
| ജോയിന്റ് വെഞ്ച്വർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 338684 | 900000 | 1238684 | 1000000 | 238684 |
| | ജില്ലാ പഞ്ചായത്ത് | 821300 | 2525000 | 3346300 | 2525000 | 821300 |
| ബി ഫണ്ട് | | | | | | |
| തൊഴിൽ രഹിത വേതനം | | 0 | 56640 | 56640 | 56640 | 0 |
| വാർദ്ധക്യകാല പെൻഷൻ | | 0 | 22188670 | 22188670 | 22188670 | 0 |
| കർഷകതൊഴിലാളി പെൻഷൻ | | 0 | 6656870 | 6656870 | 6656870 | 0 |
| അവിവാഹിത പെൻഷൻ | | 0 | 1121920 | 1121920 | 1121920 | 0 |
| വിധവ പെൻഷൻ | | 0 | 25080460 | 25080460 | 25080460 | 0 |
| വികലാംഗ പെൻഷൻ | | 0 | 4227695 | 4227695 | 4227695 | 0 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | | 0 | 240000 | 240000 | 240000 | 0 |
| പാഡി പ്രൊഡക്ഷൻ ബോണസ് | | | | | | |
| ജനറൽ പർപ്പസ് ഫണ്ട് | | 0 | 15426000 | | | |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് (പാണഞ്ചേരിസർവ്വീസ് സഹകരണ ബാങ്ക്) | 7353681 | 16136300 | 23489981 | 16949778 | 6540203 |
| | എസ്.ബി.ഐ.പാണഞ്ചേരി | 4155644 | 7285867 | 11441511 | 7397416 | 4044095 |

| | | | | | | |
|---|---|---|---|---|---|---|
| | എസ്.ബി.ഐ.പാണഞ്ചേരി e – payment | 0 | 59691 | 59691 | 11500 | 48191 |
| മറ്റിനം | J V STSB | 821300 | 3425000 | 4246300 | 3425000 | 821300 |
| | ജലനിധി | 2228260 | 90224 | 2318484 | 0 | 2318484 |
| | എസ്.ബി.ഐ ലിറ്ററസി | 185921 | 6925 | 192846 | 0 | 192846 |
| | എം.എൻ.ലക്ഷം വീട് | 84289 | 3049 | 87338 | 0 | 87338 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 407 | 193603398 | 257 | 107339576 | 116 | 34 | 63.14 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 43310 | 1017095 | 1060405 | 1057113 | 3292 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 16166000 | 16166000 | 16166000 | 0 |

# 1-8 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 56640 | 95 |
| കർഷകതൊഴിലാളി പെൻഷൻ | 6656870 | 765 |
| വിധവാപെൻഷൻ | 25080460 | 2052 |
| വാർദ്ധക്യകാലപെൻഷൻ | 22188670 | 2728 |
| വികലാംഗ പെൻഷൻ | 4227695 | 483 |
| 50 വയസ്സിനുമേലുള്ള അവിവാ | 1121920 | 131 |

| | | |
|---|---|---|
| ഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | | |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 240000 | 08 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30-04-2019, 4.00 പി.എം ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 35,392/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിലെ മുഴുവൻ ആസ്തികളും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആസ്തികൾ വേണ്ടത്ര ഉപയോഗപ്പെടുത്തിയിട്ടില്ല. ഉദാഹരണമായി, പട്ടിക്കാട് പോലീസ് സ്റ്റേഷനോട് ചേർന്നുള്ള 36Are സ്ഥലം വളരേയധികം കച്ചവട പ്രാധാന്യമുള്ള സ്ഥലമാണെങ്കിലും, ഈ സ്ഥലം നിലവിൽ ടാക്സികളും മറ്റും പാർക്ക് ചെയ്യാനാണ് ഉപയോഗപ്പെടുത്തുന്നത്. ഇതിൽനിന്നും യാതൊരു വരുമാനവും പഞ്ചായത്തിന് ലഭിക്കുന്നില്ല.

മരാമത്ത് പ്രവൃത്തികളിൽ ആസ്തി നമ്പർ ചേർക്കുന്നില്ല. ആയതിനാൽ റോഡുകളുടേയും മറ്റും നീളം, വീതി തുടങ്ങിയവയൊന്നും എസ്റ്റിമേറ്റുമായി താരതമ്യം ചെയ്യാനാകുന്നില്ല. എസ്റ്റിമേറ്റിനോടൊപ്പം വിശദമായ എസ്റ്റിമേറ്റ് റിപ്പോർട്ട് വെയ്ക്കുന്നില്ല. കൂടാതെ ലൊക്കേഷൻ മാപ്പ്, സ്കെച്ച് എന്നിവ ചേർക്കുന്നില്ല. എസ്.സി. പ്രോജക്ടിനോടൊപ്പം സോഷ്യൽ മാപ്പ്, ഫീസിബിലിറ്റി എന്നിവയൊന്നും ചേർക്കുന്നില്ല.

സ്റ്റോക്ക് രജിസ്റ്ററിൽ തൻവർഷം വാങ്ങിയ മുഴുവൻ ഇനങ്ങളും മൂല്യവും ചേർക്കുന്നില്ല. കൂടാതെ സ്റ്റോക്ക് രജിസ്റ്റർ സെക്രട്ടറി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല. വർഷാന്ത്യ സ്റ്റോക്ക് പരിശോധനാ സർട്ടിഫിക്കറ്റ് ചേർക്കുന്നില്ല.

പദ്ധതികളുടെ മോണിറ്ററിംഗ് കൃത്യമായി നടക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സിൽ മോണിറ്ററിംഗ് സമിതി കൂടി മോണിറ്ററിംഗ് നടത്തിയതിന്റെ വിവരം ചേർക്കുന്നില്ല. മരാമത്ത് പ്രവൃത്തികളിൽ സാങ്കേതിക വൈദഗ്ദ്ധ്യമുള്ളവർ കൂടി ഉൾപ്പെടുന്ന മോണിറ്ററിംഗ് സമിതി സൈറ്റുകൾ സന്ദർശിച്ച് പദ്ധതികൾ വിലയിരുത്തി വിവരം മിനിട്സിൽ ചേർക്കേണ്ടതാണ്.

പഞ്ചായത്തിലേയും വിട്ടുകിട്ടിയ മറ്റ് സ്ഥാപനങ്ങളിലേയും നിർവ്വഹണ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ ഉൾക്കൊള്ളുന്ന ഇൻക്യുംബെൻസി രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21-01-2019 | 2018 ഡിസംബർ | 30-01-2019 |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 06-02-2019 | 2012-13 മുതൽ 2017-18 വരെ | 02-03-2019 |

# 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

പാണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2017-18 വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. ബാങ്ക്/ ട്രഷറി അക്കൗണ്ടുകൾ പൊരുത്തപ്പെടുത്തൽ - അപാകതകൾ

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം 57) പ്രകാരം ബാങ്ക് ബുക്കുകളിലെ നീക്കിയിരിപ്പുകൾ ഓരോ മാസത്തിന്റെയും അവസാനം ലഭിക്കുന്ന ബാങ്ക്/ ട്രഷറി അക്കൗണ്ട് ബാലൻസ് സ്റ്റേറ്റ്മെന്റുകളിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുത്തേണ്ടതാണ്. പൊരുത്തപ്പെടുത്തൽ പത്രിക പൂർത്തിയായിക്കഴിഞ്ഞാൽ അടുത്ത മാസം 5-ാം തീയതിക്കകം അക്കൗണ്ടന്റ്, ബാങ്ക് / ട്രഷറി പൊരുത്തപ്പെടുത്തൽ പത്രിക തയ്യാറാക്കേണ്ടതും, സെക്രട്ടറി പൊരുത്തപ്പെടുത്തൽ പത്രിക സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ പല അക്കൗണ്ടുകളിലും മേൽ പ്രക്രിയ ശരിയായ രീതിയിൽ നടക്കുന്നതായി കാണുന്നില്ല. പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

(എ) വസ്തു നികുതി ഇ- പേയ് മെന്റിനായി പാണഞ്ചേരി ഗ്രാമപഞ്ചായത്ത് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ആരംഭിച്ചിട്ടുള്ള അക്കൗണ്ട് നം.37191187008 ന്റെ 25/09/2017 മുതൽ 05/04/2018 വരെയുള്ള ബാങ്ക് സ്റ്റേറ്റ് മെന്റ് പ്രകാരം 2017-18 ലെ അവസാന ഇടപാട് നടന്ന 15/03/2018 ലെ നീക്കിയിരിപ്പ് 43,172/- രൂപയാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് ഓഡിറ്റിന് ലഭ്യമാക്കിയ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം " Closing Balance As per Bank Statement" എന്നത് 41,333/- രൂപയാണ്.

കൂടാതെ റീകൺസിലിയേഷൻ സ്റ്റേറ്റ് മെന്റ് പ്രകാരം "Directly Debited by bank" എന്നയിനത്തിൽ കാണിച്ചിട്ടുള്ളത് 2,644/- രൂപയാണ്. എന്നാൽ ബാങ്ക് സ്റ്റേറ്റ് മെന്റ് പ്രകാരം 649/- രൂപ മാത്രമേ ഈയിനത്തിൽ ഉൾപ്പെട്ടിട്ടുള്ളൂ. മേൽ അക്കൗണ്ടിന്റെ ബാങ്ക് ബുക്ക് പരിശോധിച്ചതിൽ ഇ-പേയ് മെന്റായി ഓരോ ദിവസവും ലഭിക്കുന്ന തുകകൾ പ്രത്യേകം സാംഖ്യയിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. ഈ അക്കൗണ്ടിന്റെ പ്രതിമാസ പൊരുത്തപ്പെടുത്തൽ കൃത്യമായി നടത്തിയിട്ടില്ല .

മേൽ കാരണങ്ങളാൽ 450210107 SBI Pattikkad E-payment എന്ന അക്കൗണ്ടിന്റെ വരവ് ചെലവ് നീക്കിയിരിപ്പിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

(ബി) ബാങ്ക് അക്കൗണ്ടുകളുടെ പ്രതിമാസ റീകൺസിലിയേഷൻ നടത്തുമ്പോൾ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിലെ "Directly Debited by bank", "Directly Credited by bank" എന്നീ പട്ടികയിൽ ഉൾപ്പെട്ട ഇനങ്ങൾ വരവ് / ചെലവ് ആയി " സാംഖ്യ"യിൽ ഉൾപ്പെടുത്തുന്നതോടൊപ്പം റീകൺസിലിയേഷൻ പത്രികയിൽ നിന്ന് ഒഴിവാക്കേണ്ടതുമാണ്.

പല അക്കൗണ്ടുകളിലും അത്തരം ഒഴിവാക്കലുകൾ നടത്താത്തതിനാൽ 2017 സെപ്തംബർ, ഒക്ടോബർ മാസങ്ങളിലെ വരവ് ചെലവുകൾ പോലും 2018 മാർച്ച് മാസത്തിലെ റീകൺസിലേയഷൻ സ്റ്റേറ്റ്മെന്റിലേ മേൽ പട്ടികകളിൽ ഉൾപ്പെടുകയും, അത്തരം വരവ് ചെലവുകൾ സാംഖ്യയിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാകാത്ത സാഹചര്യം ഉണ്ടാവുകയും ചെയ്യുന്നു. ഉദാഹരണമായി

എസ്.ബി.ഐ.തനത് ഫണ്ട് ( അക്കൗണ്ട് നമ്പർ.67344572538) എന്ന അക്കൗണ്ടിന്റെ 2018 മാർച്ച് മാസത്തിലെ റീകൺസിലേയേഷൻ സ്റ്റേറ്റ് മെന്റിന്റെ "Directly credited by bank, എന്ന ഭാഗത്ത് ഉൾപ്പെട്ട താഴെ പറയുന്ന വരവുകൾ ബാങ്ക് ബുക്കിന്റെ പരിശോധനയിൽ സാംഖ്യയിൽ ഉൾപ്പെട്ടിട്ടുള്ളതും എന്നാൽ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ നിന്ന് ഒഴിവാക്കപ്പെടാത്തതുമാണ് .

| വൗച്ചർ തീയതി | തുക | വിവരണം |
|---|---|---|
| 25/09/2017 | 26473 | Interest Credited |
| 09/11/2017 | 48713 | NEFT |
| 24/11/2017 | 28819 | NEFT |
| 25/12/2017 | 23320 | Interest Credited |

2. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും ലഭ്യമാകുന്ന 31.03.2018 ലെ വസ്തുനികുതിയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് പത്രിക ഓഡിറ്റിന് ലഭ്യമാക്കിയില്ല. ആയതിനാൽ വാർഷിക കണക്കിലെ റെസിഡൻഷ്യൽ / നോൺ റെസിഡൻഷ്യൽ കെട്ടിടങ്ങളുടെ വസ്തുനികുതിയുടെയും ലൈബ്രറി സെസിന്റെയും ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകളുടെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

3. ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും പേജ് അടിസ്ഥാനത്തിൽ തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ), (ജി)). എന്നാൽ താഴെ പറയുന്ന റജിസ്റ്ററുകൾ എഴുതി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

(എ). ഡെപ്പോസിറ്റ് രജിസ്റ്റർ

(ബി). അഡ്വാൻസ് രജിസ്റ്റർ

(സി). ജനന മരണ രജിസ്ട്രേഷൻ രജിസ്റ്റർ

(ഡി). പാരാ മെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ രജിസ്റ്റർ

ആയതിനാൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ള മേൽ ഇനങ്ങളിലെ വരവ് ചെലവുകൾ ഓഡിറ്റിൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

4. താഴെ പറയുന്ന ഗ്രാന്റ് തുകകളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരവും റസീറ്റ് & പേയ് മെന്റ് ഷെഡ്യൂൾ ആർ.പി.-7 പ്രകാരവും വ്യത്യാസം കാണുന്നു.

| ഇനം | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം | ആർ.പി-7 പ്രകാരം |
|---|---|---|
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 1,13,97,434 | 1,10,99,658 |
| കെ.എൽ.ജി.എസ്.ഡി.പി. | 34,02,255 | 55,76,765 |
| സി.എഫ്.സി.- ഗ്രാന്റ് | 2,02,05,234 | 1,96,17,802 |
| വികസന ഫണ്ട് - ജനറൽ | 4,06,26,596 | 3,86,28,339 |

5. ഇൻകം & എക്സ്പൻഡിച്ചർ അക്കൗണ്ട് ഷെഡ്യൂൾ I-18 ൽ ഉൾപ്പെട്ടിരിക്കുന്ന 280100101- Prior Period Income – Property tax on residential buildings എന്ന ലെഡ്ജറിൽ വൗച്ചർ നമ്പർ 41700473 പ്രകാരം 14,32,770 രൂപ (431100104 )Receivables for property tax on Non-residential Buildings (Arrear) എന്ന ശീർഷകത്തെ ക്രെഡിറ്റ് ചെയ്ത് ചെലവായി കാണിച്ചിട്ടുണ്ട്. ഇപ്രകാരം അരിയർ ഡിമാന്റിൽ കുറവു വരുത്തിയതിന് പിൻബലം നൽകുന്ന നടപടിക്രമമോ, വർക്ക് ഷീറ്റുകളോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

6. ജലനിധി പദ്ധതിക്കായി ലഭിച്ച ഗ്രാന്റിന്റെ നീക്കിയിരിപ്പ് ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരവും ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-17 പ്രകാരവും വ്യത്യാസപ്പെട്ടിരിക്കുന്നു.

| ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം | ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-17 പ്രകാരം |
|---|---|
| 22,72,431 (Grants- Funds & Contributions for specific purpose – Other Govt.Agencies) | 23,18,484 (450610104- SMGB-Jalanidhi) |

ബാങ്കിൽ നിന്നുള്ള പലിശ വരുമാനമായ 46,053/- രൂപ ബാധ്യത ഹെഡ്ഡിൽ ക്രെഡിറ്റ് ചെയ്യാതെ Interest from bank accounts എന്ന ഹെഡ്ഡിൽ വരുമാനമായി എടുത്തതു കൊണ്ടാണ് മേൽ വ്യത്യാസം ഉണ്ടായത്. ബാധ്യത ശീർഷകങ്ങളിലെ തുകകളിൽ നിന്നുള്ള പലിശ വരവുകൾ തനത് വരുമാനമായി കാണിക്കുന്നത് ശരിയല്ല. അവ അതാത് ബാധ്യത ശീർഷകങ്ങളിൽത്തന്നെ ക്രെഡിറ്റ് ചെയ്യപ്പെടേണ്ടതാണ്.

7. ഇൻകം & എക്സ്പൻഡിച്ചർ അക്കൗണ്ട് ഷെഡ്യൂൾ I-17(a) പ്രകാരമുള്ള ആസ്തികളുടെ ഡിപ്രിസിയേഷൻ ചെലവുകൾ പരിശോധിക്കുന്നതിന് ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റുകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല. ആയതിനാൽ മേൽ ഷെഡ്യൂളിൽ ഉൾപ്പെട്ട ശീർഷകങ്ങളിലെ തുകകളുടെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

8. ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് പ്രകാരം (ഷെഡ്യൂൾ I-6,I-14(a)) തൊഴിലുറപ്പ് പദ്ധതിയുടെ ആകെ റവന്യൂ വരുമാനവും റവന്യൂ ചെലവും 1,72,23,113 രൂപയാണ്. എന്നാൽ തൊഴിലുറപ്പ് പദ്ധതിയുടെ വരവ് ചെലവ് പത്രികപ്രകാരം തൊഴിലുറപ്പ് പദ്ധതിയുടെ ആകെ ചെലവ് 1,61,24,000 രൂപയാണ്. വ്യത്യാസത്തിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

9. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ മൂല്യം പരിശോധിക്കാൻ സാധിക്കുന്ന രീതിയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

10. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം 62 2(എഫ്)) പ്രകാരം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

11. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിൽ കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി സർക്കാർ ഉത്തരവ് 152/2011/തസ്വഭവ തീയതി 26/07/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം 58(4) എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

12. കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2017-18 ലെ "Net decrease in cash and cash equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1,21,21,639 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2017-18 കാലയളവിൽ "Net cash used up by operating + investing +Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 85,20,197 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തനത് വരുമാനം ഒന്നിൽ കൂടുതൽ ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിച്ചിരിക്കുന്നു.

പഞ്ചായത്തിലെ തനത് വരുമാനം താഴെ പറയുന്ന രണ്ട് ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിച്ചിരിക്കുന്നു.

1.പാണഞ്ചേരി സർവ്വീസ് സഹകരണ ബാങ്ക്, (അക്കൗണ്ട് നം:3980)

2.സ്റ്റേറ്റ് ബാങ്ക് ഓഫ്ഇന്ത്യ, പട്ടിക്കാട്(അക്കൗണ്ട്നം:67344572538)

3.സ്റ്റേറ്റ് ബാങ്ക് ഓഫ്ഇന്ത്യ, പട്ടിക്കാട്(അക്കൗണ്ട്നം:37191187008)
(ഇ പെയ്മെന്റ് അക്കൗണ്ട്)

സർക്കുലർ നം.58725/എഫ്.എം 3/2008/ത.സ്വ.ഭ.വ. 26.05.2011 ൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും തനത് വരുമാനം ട്രഷറി അക്കൗണ്ടിനു പുറമെ ഒരു ദേശസാൽകൃത ബാങ്ക് അക്കൗണ്ടിലോ സഹകരണ ബാങ്ക് അക്കൗണ്ടിലോ മാത്രം നിക്ഷേപിക്കണമെന്നും ഈ ആവശ്യത്തിന് ഒന്നിൽ കൂടുതൽ ബാങ്ക് അക്കൗണ്ടുകൾ നില നിർത്തരുതെന്നും നിഷ്കർഷിക്കുന്നു.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ്എൻക്വയറിക്ക്(ഓഡിറ്റ് എൻക്വയറി നം:18 തീ.05.05.2019) തനത് ഫണ്ടിന് ഒറ്റ അക്കൗണ്ട് മാത്രമാക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന് മറുപടി നൽകിയിട്ടുണ്ട്. ആയത് എത്രയും വേഗം നടപ്പാക്കി സർക്കാർ ഉത്തരവ് പാലിക്കേണ്ടതാണ്.

## 2-2 പെർമിറ്റ് ഫീസ് വ്യത്യസ്ത നിരക്കിൽ ഈടാക്കിയിരിക്കുന്നു

2017-18 വർഷം വ്യത്യസ്ത നിരക്കിലാണ് പഞ്ചായത്തിൽ പെർമിറ്റ് ഫീസ് ഈടാക്കിയിരിക്കുന്നത്. 2017 നവംബറിനു മുൻപ് താമസാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്രമീറ്ററിന് 5 രൂപ നിരക്കും വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്രമീറ്ററിന് 10 രൂപ നിരക്കമാണ് ഈടാക്കിയിരുന്നത്. 2017 നവംബറിൽ സങ്കേതം സോഫ്റ്റ്വെയറിൽ പെർമിറ്റ് ഫീസ് നിർണ്ണയിച്ചപ്പോൾ ഫീസ് നിരക്ക് താമസാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്രമീറ്ററിന് 3 രൂപയായും വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്രമീറ്ററിന് 5 രൂപയുമായി കണക്കാക്കി. ചട്ടപ്രകാരമുള്ള നിരക്കാണ് സങ്കേതം സോഫ്റ്റ്വെയറിൽ കണക്കാക്കിയത്. സോഫ്റ്റ്വെയർ നിലവിൽ വരുന്നതിനു മുൻപ് കൂടിയ നിരക്കിൽ പെർമിറ്റ് ഫീസ് ഈടാക്കിയതിന്റെ കാരണം വിശദീകരിക്കാൻ

പഞ്ചായത്തിനു കഴിഞ്ഞില്ല. ഒരേ വർഷം തന്നെ വ്യത്യസ്ത നിരക്കിൽ പെർമിറ്റ് ഫീസ് ഈടാക്കിയത് നീതീകരിക്കാവുന്നതല്ല. ചട്ട പ്രകാരമല്ലാതെ അധിക നിരക്കിൽ ഫീസ് ഈടാക്കിയതിൽ നിന്നും നിയമങ്ങളും ചട്ടങ്ങളും വ്യക്തമായി മനസ്സിലാക്കാതെയാണ് ഉദ്യോഗസ്ഥർ ഫീസ് നിർണ്ണയിച്ചതെന്ന് വ്യക്തമാണ്. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 2-3 ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല

പഞ്ചായത്തിൽ വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.ആയതിനാൽ എല്ലാ സ്ഥാപനങ്ങളും ഡി&ഒ ലൈസൻസ് എടുക്കുന്നുണ്ടോ തൊഴിൽ നികുതി അടവാക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.പഞ്ചായത്തിൽ എത്ര വാണിജ്യ സ്ഥാപനങ്ങൾ ഉണ്ടെന്ന ചോദ്യത്തിന് മറുപടി ലഭ്യമാക്കിയില്ല (ഓഡിറ്റ് അന്വേഷണം നം.3 തീ.30.04.2019). സ്ഥല പരിശോധന നടത്തി വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും എല്ലാ സ്ഥാപനങ്ങളും ചട്ടപ്രകാരമാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 2-4 റേഷൻ റീട്ടെയിൽ ഡിപ്പോകൾ,കല്ല്യാണ മണ്ഡപങ്ങൾ എന്നിവ ഡി&ഒ ലൈസൻസ് എടുത്തിട്ടില്ല.

റേഷൻ റീട്ടെയിൽ ഡിപ്പോകൾ, കല്ല്യാണ മണ്ഡപങ്ങൾ എന്നിവ ഡി&ഒ ലൈസൻസ് എടുത്തിട്ടില്ല. 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി&ഒ ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ പൊതുവിതരണവകുപ്പിന്റെ പൊതുവിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകൾ, ഭക്ഷണം തയ്യാറാക്കി വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ കടകളും കല്ല്യാണ മണ്ഡപങ്ങളും ലൈസൻസ് എടുക്കുന്നില്ല. എല്ലാ റേഷൻകടകളെയും കല്ല്യാണ മണ്ഡപങ്ങളെയും ഡി&ഒ ലൈസൻസ് പരിധിയിൽ കൊണ്ടുവരാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 2-5 ക്വാറി ലൈസൻസ് -വിവരങ്ങൾ ലഭ്യമാക്കിയില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ക്വാറികളുടെ വിവരങ്ങളും ലൈസൻസ് അനുവദിച്ച രേഖകളും ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.3 തീ.30.04.2019) മറുപടി ലഭ്യമാക്കുകയോ രേഖകൾ പരിശോധനക്ക് ഹാജരാക്കുകയോ ചെയ്തില്ല. ആയതിനാൽ ലൈസൻസ് അനുവദിച്ചത് ക്രമപ്രകാരമാണോ, എത്ര ക്വാറികളുണ്ടെന്നോ പരിശോധിക്കാൻ ഓഡിറ്റിന് സാധിച്ചില്ല.

## 2-6 വാടക - പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നില്ല

പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിൽ 48 മുറികൾ വാടകക്ക് നൽകിയിട്ടുണ്ട്. എന്നാൽ വാടക കൃത്യമായി പിരിച്ചെടുക്കുന്നതിന് പഞ്ചായത്ത് ശ്രദ്ധിക്കുന്നില്ല.

അപാകതകൾ

1.പഞ്ചായത്തിന് അംഗീകാരമുള്ള ബൈലോ ഉണ്ടെങ്കിൽ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

2.പല വാടകക്കാരും ഒരുമാസത്തെപ്പോലും വാടക തൻവർഷം അടവാക്കിയിട്ടില്ല.ഇത്തരം വാടകക്കാർക്കെതിരെ യാതൊരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല.

| പേര് | മുറി നം. | തൻവർഷകുടിശ്ശിക |
|---|---|---|
| അജി തേറാട്ടിൽ | 3/955 | 2226*12=26712 |
| രേഖ കൊച്ചനിയൻ | 3/390 | 2105*12=25260 |
| രാജൻ പാലത്തുപറമ്പിൽ | 3/964 | 1944*12=23328 |
| ശിവദാസ് പല്ലിക്കാട്ടിൽ | 3/1130 | 3017*12=36204 |
| സെക്രട്ടറി, സർവീസ് സഹകരണബാങ്ക്, പട്ടിക്കാട് | 4/25,26 | 2219*12=26628 |

രേഖ കൊച്ചനിയൻ എന്ന വാടകക്കാരൻ 2016-17ലും വാടക അടവാക്കിയിട്ടില്ല.

3.വാടകക്കാരുമായുള്ള കരാർ പ്രകാരം എല്ലാമാസവും 5ാംതീയതിക്കകം വാടക അടവാക്കേണ്ടതാണ്. എന്നാൽ ഭൂരിഭാഗം വാടകക്കാരും ഒന്നിലധികം മാസത്തെ വാടക ഒന്നിച്ച് അടവാക്കുന്നു. വാടക യഥാസമയം അടവാക്കാത്തതിന് പിഴ ഈടാക്കുന്നില്ല.

4.ഒരേ വാടകക്കാർക്ക് തന്നെയാണ് മുറികൾ നൽകുന്നത്. ഓരോ വർഷവും വാടക വർദ്ധിപ്പിക്കുന്നതായി കാണുന്നുണ്ട്. പരസ്യലേലം നടത്തുന്നില്ല.

5.വർഷാവസാനം വാടകരജിസ്റ്റർ പ്രകാരം 2,06,518 രൂപ കുടിശ്ശിക ഉണ്ട്.

6.മുറി നം.3/736 വാടകക്ക്എടുത്തിട്ടുള്ള ജോണി കെ സി എന്ന വ്യക്തിക്ക് പ്രതിമാസവാടക നിർണ്ണയിച്ചത് 795രൂപയാണ്.നാലുമാസത്തെ വാടക (3,180രൂപ)മാത്രമാണ് ഇയാൾ അടവാക്കിയത്. കുടിശ്ശിക ഒന്നും തന്നെ രജിസ്റ്ററിൽ കാണിച്ചിട്ടില്ല.

എല്ലാ വാടകക്കാരിൽ നിന്നും യഥാസമയം വാടക ഈടാക്കേണ്ടതും, വാടക അടവാക്കാതെ തുടരുന്നവർക്ക് എതിരെ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-7 തൊഴിൽ നികുതി അപാകതകൾ

തൊഴിൽ നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. തൊഴിൽ നികുതി കുറവായി അടവാക്കിയിരിക്കുന്നു.

ഗവ.ഹോമിയോ ഡിസ്പെൻസറിയിലെ ജീവനക്കാരനായ ശ്രീ.ബേബി.എൽ ന്റെ രണ്ടാം അർദ്ധവാർഷിക വരുമാനം 1,28,405 രൂപയാണ്. രണ്ടാം അർദ്ധവർഷം അടവാക്കിയ തൊഴിൽ നികുതി 750 രൂപയാണ്. അടവാക്കേണ്ടിയിരുന്ന തൊഴിൽ നികുതി 1,250 രൂപ. ബാക്കി അടവാക്കേണ്ട തുക 450 രൂപ അട വാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2.തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

a)ചുവന്നമണ്ണ് പോസ്റ്റ് ഓഫീസിലെ ജീവനക്കാർ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

b)ഇസാഫ് സ്വാശ്രയ മൾട്ടി സ്റ്റേറ്റ് കോ ഓപ്പറേറ്റീവ് സൊസൈറ്റിഎന്ന സ്ഥാപനം സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ അടവാക്കിയിട്ടില്ല.

തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3.തൊഴിൽ നികുതി റജിസ്റ്റർ പൂർണ്ണമല്ല.

തൊഴിൽ നികുതി റജിസ്റ്ററിൽ ഏതാനം സ്ഥാപനങ്ങളിലെ ജീവനക്കാരുടെ അർദ്ധവാർഷിക വരുമാനത്തിനു പകരം മാസവരുമാനമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഏതാനം സ്ഥാപനങ്ങളിലെ ജീവനക്കാരുടെ വരുമാനവും രേഖപ്പെടുത്തിയിട്ടില്ല. പഞ്ചായത്തിലെ ജീവനക്കാർ തൊഴിൽ നികുതി അടവാക്കിയ വിവരം റജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.രജിസ്റ്റർ കൃത്യമായി സൂക്ഷിക്കേണ്ടതാണ്.

4.സ്റ്റേറ്റ്മെന്റുകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

ജീവനക്കാരുടെ പേരുവിവരം, വരുമാനം, തൊഴിൽ നികുതി എന്നിവ രേഖപ്പെടുത്തി തൊഴിലുടമകൾ സമർപ്പിച്ച സ്റ്റേറ്റ്മെന്റുകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല. ആയതിനാൽ തൊഴിൽ നികുതിയുടെ കൃത്യത പരിശോധിക്കാനായില്ല.

5.പഞ്ചായത്ത് പരിധിയിൽ സ്വകാര്യ പ്രാക്ടീസ് നടത്തുന്ന ഡോക്ടർമാർ, അഭിഭാഷകർ, കെട്ടിട നിർമ്മാണ ചട്ട പ്രകാരം പ്ലാൻ തയ്യാറാക്കി നൽകുന്ന ലൈസൻസുള്ള സൂപ്പർ വൈസർമാർ,റേഷൻ കടയുടമകൾ എന്നിവരിൽ നിന്നും തൊഴിൽനികുതി പിരിച്ചെടുത്തിട്ടില്ല. കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205-ബി പ്രകാരം പഞ്ചായത്ത് പരിധിയിൽ തൊഴിലെടുക്കുന്ന എല്ലാ വ്യക്തികൾക്കും ഡിമാന്റ് നോട്ടീസ് നൽകി തൊഴിൽനികുതി പിരിച്ചെടുക്കേണ്ടതാണ്. ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പുലർത്തി തൊഴിൽനികുതി പിരിവ് കാര്യക്ഷമമാക്കാൻ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## **2-8** <u>ഇ-ടെണ്ടർ -ടെണ്ടർ ഫോം വിലയിനത്തിൽ **267450/-** രൂപ ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയറിൽ നിന്നും തിരികെ ലഭിച്ചില്ല.</u>

ഇ- ടെണ്ടർ നടത്തുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോം വില ജില്ലാ പഞ്ചായത്ത് എക്സി.എഞ്ചിനീയറുടെ അക്കൌണ്ടിലേക്കാണ് അടവാക്കുന്നത്. ഇത് പഞ്ചായത്തിന് തിരികെ ലഭിക്കേണ്ടതുണ്ട്. താഴെ പറയും പ്രകാരം ഈയിനത്തിൽ 2,67,450/- രൂപ തിരികെ ലഭിക്കാനുണ്ട്.

| വർഷം | തുക |
|---|---|
| 2015-16 | 18900 |
| 2016-17 | 100930 |
| 2017-18 | 147620 |
| ആകെ | 267450 |

മേൽ പ്രകാരമുള്ള തുക ലഭിക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

# ഭാഗം-3

## <u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## **3-1** <u>ടാങ്കർ ലോറിയിൽ കുടിവെള്ള വിതരണം - **2325300/-** രൂപയുടെ ചെലവിൽ **831800/-** രൂപയുടെ മാത്രം ട്രിപ്പ് ഷീറ്റ് ഹാജരാക്കി - **1493500/-** രൂപയുടെ ചെലവ് നിരാകരിക്കുന്നു.</u>

വൗച്ചർ നം.21700226/31-5-17 Rs.23,25,300/-

" 21700227/31-5-17 Rs.3,32,000/-

കരാറുകാരൻ - ശ്രീ എബി.കെ.വി., പൂവ്വൻചിറ

വരൾച്ചാ ബാധിത പ്രദേശങ്ങളിൽ കുടിവെള്ള വിതരണം നടത്തുക എന്നത് റവന്യൂ വകുപ്പിന്റെ ചുമതലയാണ്. ഇത് പഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽ പെടുന്നതല്ല. എന്നാൽ 22/4/2016 ലെ സ.ഉ.(സാധാ) നം.1510/2016/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം നിലവിലുള്ള മാർഗ്ഗരേഖകളിൽ ഇളവ് അനുവദിച്ചുകൊണ്ട് ഗ്രാമ പഞ്ചായത്തുകൾക്ക് നിബന്ധനകൾക്ക് വിധേയമായി ജലവിതരണം നടത്താൻ അനുമതി നല്കിയിരുന്നു. ഇതു പ്രകാരം വേനൽക്കാല കുടിവെള്ള വിതരണത്തിനായി ഗ്രാമ പഞ്ചായത്തുകൾക്ക് പരമാവധി 10ലക്ഷം രൂപയാണ് ചെലവഴിക്കാനാകുന്നത്. പിന്നീട് 16-5-17 ലെ സ.ഉ.(സാധാ) നം.1585/2017/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഗ്രാമ പഞ്ചായത്തുകൾക്ക് 31/3/17 വരെ പരമാവധി 5 ലക്ഷം രൂപയും, 1/4/17 മുതൽ 31/5/17 വരെ പരമാവധി 10 ലക്ഷം രൂപയും ചെലവഴിക്കാൻ അനുമതി നല്കിയിരുന്നു. മേൽ പ്രകാരം നിശ്ചയിച്ച പരമാവധി തുക കവിയുന്ന രീതിയിലുള്ള കുടിവെള്ള വിതരണം യാതൊരു കാരണവശാലും ഏറ്റെടുക്കാൻ പാടില്ല എന്നും ഈ ഉത്തരവിൽ പറയുന്നു.

എന്നാൽ മേൽ ഉത്തരവുകൾ മറികടന്നുകൊണ്ട് പാണഞ്ചേരി ഗ്രാമ പഞ്ചായത്ത് 1/4/17 മുതൽ 31/5/17 വരെ ടാങ്കർ ലോറികളിൽ കുടിവെള്ള വിതരണം നടത്തിയതിന് 26,57,300/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 3,32,000/- രൂപ മണിയൻകിണർ, പൊട്ടിമട ട്രൈബൽ കോളനികളിൽ കുടിവെള്ള വിതരണം നടത്തിയതിന് വന്ന ചെലവാണ്. ബാക്കി 23,25,300/- രൂപ മറ്റ് സ്ഥലങ്ങളിൽ കുടിവെള്ള വിതരണം നടത്തിയതിന് വന്ന ചെലവാണ്. കുടിവെള്ളവിതരണവുമായി ബന്ധപ്പെട്ട ഫയൽ, മറ്റ് രേഖകൾ എന്നിവ പരിശോധിച്ചതിൽ ചില ഗുരുതരമായ ക്രമക്കേടുകൾ കാണുകയുണ്ടായി. ഇവ താഴെ ചേർക്കുന്നു.

1. മുകളിൽ പരാമർശിച്ച സർക്കാർ ഉത്തരവ് പ്രകാരം 1/4/17 മുതൽ 31/5/17വരെ കുടിവെള്ള വിതരണത്തിനായി 10ലക്ഷം രൂപ മാത്രമേ ചെലവഴിക്കാനാകൂ എന്നിരിക്കെ 26,57,300/- രൂപ ചെലവഴിച്ചത് ക്രമപ്രകാരമല്ല. അധിക തുക ചെലവഴിച്ചതിന് സർക്കാർ സാധൂകരണത്തിനായി 20/7/17 ൽ ത.സ്വ.ഭ.വ സെക്രട്ടറിക്ക് അപേക്ഷിച്ചിരുന്നുവെങ്കിലും നാളിതുവരെയായി സാധൂകരണം ലഭ്യമായിട്ടില്ല.

2. 23,25,300/- രൂപയുടെ ചെലവ് വന്നതിൽ ആകെ 8,31,800/-രൂപയുടെ ട്രിപ്പ് ഷീറ്റുകൾ മാത്രമാണ് പരിശോധനക്ക് ലഭ്യമാക്കിയത്. ബാക്കി 14,93,500/- രൂപയുടെ ചെലവ് രേഖകൾ ലഭ്യമാക്കിയില്ല. ലഭ്യമാക്കിയ ട്രിപ്പ് ഷീറ്റുകളിൽ വിരലിലെണ്ണാവുന്നവയൊഴികെയുള്ളവ ബന്ധപ്പെട്ട വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ട്രിപ്പ് ഷീറ്റുകൾ ബന്ധപ്പെട്ട വാർഡ് മെമ്പർമാർ, ADS ചെയർപേഴ്സൺ എന്നിവർ സാക്ഷ്യപ്പെടുത്തണമെന്ന് കരാറിലും പറയുന്നുണ്ട്. ഒറിജിനൽ ട്രിപ്പ് ഷീറ്റുകളല്ല, പകരം ഫോട്ടോകോപ്പികളാണ് പരിശോധനക്ക് ലഭ്യമാക്കിയത്. കുടിവെള്ള വിതരണം നടത്തിയതിന് ആകെയുള്ള തെളിവ് ട്രിപ്പ് ഷീറ്റുകളാണെന്നിരിക്കെ ഇവ പരിശോധനക്ക് ലഭ്യമാക്കാത്തത് ഗുരുതരമായ കൃത്യവിലോപമാണ്.

3. നോട്ട് ഫയലിൽ അക്കൗണ്ടന്റ് ഇപ്രകാരം കുറിച്ചിട്ടുണ്ട്.

" പൂർണ്ണമായ ഫയൽ സെക്ഷനിൽനിന്നും ലഭിച്ചിട്ടില്ല. ട്രിപ്പ് ഷീറ്റ് സെക്ഷനിൽ നിന്നും പരിശോധിച്ച് ലഭിച്ചിട്ടില്ല. കമ്മറ്റി തീരുമാനത്തിന്റെ പരിശോധനാ റിപ്പോർട്ട് എന്നിവയില്ല. മാത്രമല്ല 10 ലക്ഷത്തിൽ അധികം നൽകാവുന്നതല്ല." എന്നാൽ ഇതിന് മറുപടിയായി ട്രിപ്പ് ഷീറ്റ് ലഭിച്ചിട്ടുണ്ടെന്നും, ടെണ്ടർ നടപടികൾ പാലിച്ചിട്ടുണ്ടെന്നും അധികരിച്ച തുകക്ക് കമ്മറ്റി തീരുമാനത്തിനായി കൊടുത്തിട്ടുണ്ടെന്നും, ആയതിനാൽ തുക അനുവദിക്കുക എന്നാണ് സെക്രട്ടറി രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിൽനിന്നും പഞ്ചായത്തിലെ അക്കൌണ്ടന്റ് പോലും മേൽ രേഖകളൊന്നും കണ്ടിട്ടില്ലെന്ന് വ്യക്തമാണ്. ട്രിപ്പ് ഷീറ്റുകൾ സെക്ഷൻ ക്ലാർക്ക് മുതൽ സെക്രട്ടറി വരെയുള്ള ഉദ്യോഗസ്ഥരാരും തന്നെ പരിശോധിക്കുകയോ

മുഴവൻ തുകക്കുമുള്ള ട്രിപ്പ് ഷീറ്റുകളുണ്ടെന്ന് സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. 31/5/17 ന് റിട്ടയർ ചെയ്ത പ്രസ്തുത സെക്രട്ടറി അന്നേദിവസം തന്നെ വിശദപരിശോധന ആവശ്യമായ ഒരു ഫയലിന്മേൽ യാതൊരു പരിശോധനയും നടത്താതെ തുക അനുവദിക്കുകയായിരുന്നു.

4. 23/2/17 ലെ സ.ഉ. (സാധാ)787/17/ഡിഎംഡി ഉത്തരവ് പ്രകാരം സ്വകാര്യ സ്രോതസ്സിലെ ജലം കുടിക്കാൻ യോഗ്യമാണെന്ന് ജല അതോറിറ്റിയോ, ഭക്ഷ്യ വകുപ്പോ, ആരോഗ്യ വകുപ്പോ സാക്ഷ്യപ്പെടുത്തേണ്ടതാണ്. കൂടാതെ വാടകക്ക് എടുക്കുന്ന ടാങ്കറിന്റെ വാടക നല്കുമ്പോൾ GPS ലോഗും ട്രിപ്പ് ഷീറ്റും ഒത്തുനോക്കി കിലോമീറ്റർ GPS ലോഗിൽനിന്നും നിർണ്ണയിച്ച് ട്രിപ്പ് ഷീറ്റ് പരിശോധിച്ച് അതാത് ദിവസം ട്രിപ്പ് നടന്നിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. വെള്ളം വിതരണം നടത്തുന്ന ടാങ്കറിനും, കുടിവെള്ള സ്രോതസ്സിനും 2011 ലെ Food Safety & Standards Regulation പ്രകാരമുള്ള FBO ലൈസൻസ് ഉണ്ടായിരിക്കേണ്ടതുമാണ്. ഈ മാനദണ്ഡങ്ങളൊന്നും പാലിക്കപ്പെട്ടിട്ടില്ല.

5. 28/2/17 ലെ വാട്ടർ അതോറിറ്റി അസി. എക്സി. എഞ്ചിനീയറുടെ ജില്ലാ കളക്ടർക്കുള്ള കത്തിൽ ഇപ്രകാരം പറയുന്നു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ കുടിവെള്ള വിതരണത്തിനായി കരാറെടുത്തവർ ഉന്നത നിലവാരത്തിലുള്ള കുടിവെള്ള സാമ്പിളുകൾ ലഭ്യമാക്കി ടെസ്റ്റ് ചെയ്യുകയും, ഈ റിസൾട്ട് ഉപയോഗിച്ച് നിലവാരം കുറഞ്ഞ വെള്ളം വിതരണം നടത്താനുള്ള സാധ്യയുണ്ട്. ആയതിനാൽ വിതരണത്തിനുള്ള കുടിവെള്ള സാമ്പിളുകൾ ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ നേരിട്ട് ശേഖരിച്ച് സീൽ ചെയ്ത് മെഡിക്കൽ ഓഫീസറുടെ കത്ത് സഹിതം വാട്ടർ അതോറിറ്റി ലാബിൽ ടെസ്റ്റ് ചെയ്യേണ്ടതാണ്. ഈ നിർദ്ദേശം എല്ലാ തസ്വഭവ സ്ഥാപനങ്ങൾക്കും ലഭ്യമാക്കിയിട്ടുള്ളതുമാണ്. എന്നാൽ പഞ്ചായത്തിൽ കുടിവെള്ള വിതരണത്തിനായി കണ്ടെത്തിയ സ്രോതസ്സ് ഏതാണെന്നോ, ആരോഗ്യ വകുപ്പിന്റെ പരിശോധന നടന്നതായോ കാണുന്നില്ല. ഫയലിൽ ഐസക്, എടപ്പാറ ഹൌസ് എന്നയാൾ നല്കിയ വെള്ളം 6/5/17 ൽ പരിശോധിച്ച റിപ്പോർട്ടും, അബ്രഹാം, പാപ്പാടിയിൽ എന്നയാൾ 28/4/17 ൽ നല്കിയ വെള്ളം പരിശോധിച്ച റിപ്പോർട്ടും ഫയലിൽ കാണുന്നുണ്ട്. എന്നാൽ ഇവർ എടുത്ത സാമ്പിളുകൾ എവിടെനിന്നാണെന്നോ, ഇതേ സാമ്പിൾ വെള്ളം തന്നെയാണോ കുടിവെള്ള വിതരണത്തിനായി ഉപയോഗിച്ചതെന്നോ വ്യക്തമല്ല. ഇതിൽ ഒരു സാമ്പിൾ Low PH ഉം, ക്വാളിഫോം ബാക്ടീരിയ ഉള്ളതുമായിരുന്നു. ഇത് കുടിക്കാൻ യോഗ്യമാണെന്ന് ആരുംതന്നെ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

6. കരാറിലും, ടെണ്ടർ നോട്ടീസിലും രേഖപ്പെടുത്തിയ മിക്ക നിബന്ധനകളും പാലിക്കാതെയാണ് കരാറുകാരന് തുക അനുവദിച്ചത്.

7. 5 ലക്ഷത്തിലധികം വരുന്ന പ്രവൃത്തികൾക്ക് ഇ- ടെണ്ടർ നിർബന്ധമാണെന്നിരിക്കെ ഈ നിബന്ധനയും പാലിച്ചിട്ടില്ല.

8. കരാറുകാരനിൽനിന്നും ഇൻകം ടാക്സ് ആക്ട് സെക്ഷൻ 194 C പ്രകാരമുള്ള 1% ആദായനികുതിയും ഈടാക്കിയിട്ടില്ല. Rs.26,57,300/- രൂപയുടെ 1% തുകയായ 26,573/- രൂപ കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്.

ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്കുള്ള (എൻക്വയറി നം. 1/27-4-19 &15/4-5-19) മറുപടിയോടൊപ്പം യാതൊരു രേഖകളും ലഭ്യമാക്കിയില്ല. 2017 ൽ ചരിത്രത്തിലാദ്യമായാണ് രൂക്ഷമായ വരൾച്ച ഉണ്ടായതെന്നും, അടിയന്തിര സാഹചര്യം പരിഗണിച്ചാണ് കുടിവെള്ള വിതരണം നടത്തിയതെന്നും, ചില സാങ്കേതിക തകരാർ മൂലമാണ് ഇ-ടെണ്ടർ നടത്താനാകാതെ വന്നതെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്. ഇത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. കുടിവെള്ള വിതരണം നടന്ന് രണ്ട് വർഷത്തോളമായിട്ടും, ആവശ്യമായ രേഖകൾ പോലും ലഭ്യമാക്കാൻ പഞ്ചായത്തിനായിട്ടില്ല. ഇതേ വർഷവും, ഇതിന്റെ മുൻവർഷവും പഞ്ചായത്തിൽ മരാമത്ത് പ്രവൃത്തികൾക്കായി ഇ-ടെണ്ടർ നടന്നിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങൾ -1997 ലെ ചട്ടം 12(2) പ്രകാരം രേഖകളോ കണക്കോ നല്കാൻ വീഴ്ച വരുത്തിയാൽ അത്തരം രേഖയോ കണക്കോ നിലവിലില്ല

എന്ന കരുതപ്പെടുന്നതാണ്.

മേൽ പ്രകാരം യാതൊരു മാനദണ്ഡങ്ങളും പാലിക്കാതേയും, പൊതുപണം ചെലവഴിക്കുമ്പോൾ പാലിക്കേണ്ട ജാഗ്രത കാണിക്കാതേയും നടത്തിയ കുടിവെള്ള വിതരണത്തിൽ ആവശ്യമായ രേഖകളുടെ അഭാവത്തിൽ Rs.14,93,500/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. ബാക്കി തുകയായ Rs.8,31,800/- രൂപയുടെ ചെലവ് മുകളിൽ കാണിച്ച അപാകതകൾ പരിഹരിക്കുന്നതുവരെ തടസ്സപ്പെടുത്തുകയും ചെയ്യുന്നു. മാത്രമല്ല, ഇക്കാര്യത്തിൽ ഒരു വിശദമായ അന്വേഷണത്തിന് ഭരണ വകുപ്പിന്റെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുകയും ചെയ്യുന്നു

## 3-2 പേ റിവിഷൻ അരിയർ - അധിക തുക നല്കി.

വൗച്ചർ നം. 21700411/7-8-17 Rs.2,55,239/-

2014 ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരമുള്ള ശമ്പള കുടിശ്ശിക കണക്കാക്കിയപ്പോൾ താഴെ പറയുന്ന ജീവനക്കാർക്ക് അധിക തുക അനുവദിച്ചതായി കാണുന്നു.

1. ശ്രീ ഷാജി.സി.എഫ്, ഓഫീസ് അറ്റൻഡൻഡ്.

മേൽ ജീവനക്കാരൻ 2014ൽ ആർജ്ജിതാവധി സറണ്ടർ ചെയ്തിരിക്കുന്നത് 21/4/14 ലാണ്. കുടിശ്ശികക്ക് അർഹത 1/7/14 മുതൽക്കാണ്. എന്നാൽ 4/14 ലെ ആർജ്ജിതാവധി സറണ്ടറിനും ടിയാന് കുടിശ്ശികയായി 13,610/- രൂപയും ആയതിന്റെ 8.7% പലിശയും കണക്കാക്കി നല്കിയിട്ടുണ്ട്.

2. ശ്രീമതി രാഖി.എ.എസ്.,ക്ലാർക്ക്

മേൽ ജീവനക്കാരിക്ക് 2015-16 വർഷത്തെ ആർജ്ജിതാവധി സറണ്ടർ ഇനത്തിൽ 10,560/- രൂപയും ആയതിന്റെ പലിശയും കണക്കാക്കി അനുവദിച്ചിട്ടുണ്ട്. എന്നാൽ സേവനപുസ്തകം പരിശോധിച്ചതിൽ ടിയാരി 2015-16 ൽ ആർജ്ജിതാവധി സറണ്ടർ ചെയ്തിട്ടില്ല എന്നുകാണുന്നു.

3. ശ്രീമതി എം.ജയലക്ഷ്മി, അസി. സെക്രട്ടറി

ടിയാരി ആർജ്ജിതാവധി സറണ്ടർ ചെയ്തിരിക്കുന്നത് 9/2014 ലാണ്. ഈ കാലയളവിലെ പുതുക്കിയ ശമ്പളത്തിന്മേൽ ഡി.എ., പുതുക്കിയ നിരക്കിലുള്ള HRA എന്നിവക്ക് അർഹതയില്ല. എന്നാൽ ഇവ കണക്കാക്കി അനുവദിച്ചിട്ടുണ്ട്. ഈയിനത്തിൽ 3,276/- രൂപയും ആയതിന്റെ പലിശയും അനുവദിച്ചിട്ടുണ്ട്.

ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ഇക്കാര്യം നേരത്തേ കണ്ടെത്തിയിരുന്നുവെന്നും, ആദ്യ രണ്ട് ജീവനക്കാരുടെ കാര്യത്തിൽ തുക തിരിച്ചുപിടിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ആരംഭിച്ചിട്ടുണ്ടെന്നും, ശ്രീമതി ജയലക്ഷ്മിയുടെ കുടിശ്ശിക കണക്കാക്കിയതിൽ 8/14 ലെ ആർജ്ജിതാവധി സറണ്ടർ ഉൾപ്പെടുത്താൻ വിട്ടുപോയെന്നും, ആയതുകൂടി കണക്കാക്കുമ്പോൾ ടിയാരിക്ക് അങ്ങോട്ട് തുക അനുവദിക്കേണ്ടതുണ്ടെന്നുമാണ് അറിയിച്ചിട്ടുള്ളത്. ആദ്യ രണ്ട് ജീവനക്കാരിൽനിന്നും മുഴുവൻ തുകയും ആയതിന്റെ പലിശയും കണക്കാക്കി ഈടാക്കിയ ശേഷം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-3 ഒരു പ്രോജക്റ്റിനായി രണ്ട് എസ്റ്റിമേറ്റ് തയ്യാറാക്കി രണ്ടായി പ്രവൃത്തി ചെയ്യുന്നു - ക്രമപ്രകാരമല്ല

2016-17 ലെ പ്രോജക്റ്റ് നം. 314/17- പഞ്ചായത്ത് ഓഫീസ് നവീകരണം എന്നതിന് 15ലക്ഷം രൂപ

അടങ്കലിൽ DPC അംഗീകാരം നേടുകയും, പിന്നീട് പഞ്ചായത്ത് ഓഫീസ് മെയിൻ ഹാളിന്റെ മാത്രം നവീകരണത്തിനായി 4,95,000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതിക അനുമതി നേടി, ടെണ്ടർ ചെയ്ത് പ്രവൃത്തി പൂർത്തീകരിച്ച് 2016-17 ൽ തുക അനുവദിച്ചു. എന്നാൽ പിന്നീട് സ്റ്റാൻഡിംഗ് കമ്മറ്റി ഹാളിന്റെ നവീകരണത്തിനായി 4,25,000/- രൂപയുടെ മറ്റൊരു എസ്റ്റിമേറ്റ് തയ്യാറാക്കി, സാങ്കേതിക അനുമതി നേടി, ടെണ്ടർ ചെയ്യുകയും അതേ കരാറുകാരനെക്കൊണ്ടുതന്നെ പ്രവൃത്തി നിർവ്വഹിക്കുകയും, 2017-18 ൽ തുക അനുവദിക്കുകയും ചെയ്തു. ഇപ്രകാരം ചെയ്തതിലൂടെ ഇ- ടെണ്ടർ നടപടികളിൽ നിന്നും ഒഴിവാകുകയും, കൂടുതൽ മത്സരാധിഷ്ഠിതമായ ടെണ്ടർ ലഭിക്കാതെ വരികയും ചെയ്തു.

കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 1601.1.6 പ്രകാരം സാങ്കേതിക അനുമതി ലഭ്യമായ Original Estimate ൽ ഏതെങ്കിലും ഒഴിവാക്കലുകളോ കൂട്ടിച്ചേർക്കലുകളോ ആവശ്യമായി വരുന്ന സംഗതിയിൽ Revised Estimate തയ്യാറാക്കേണ്ടതാണ്. മുഴുവൻ പ്രവൃത്തികളും ഉൾപ്പെടുത്തി Revised Estimate തയ്യാറാക്കേണ്ടതിനു പകരം രണ്ടായി പ്രവൃത്തി ചെയ്തത് ക്രമപ്രകാരമല്ല. 2016-17 ലെ മറ്റൊരു പ്രവൃത്തിയായ പ്രോജക്റ്റ്നം. 25/17- പൊട്ടിമട കുടിവെള്ള പദ്ധതിയും രണ്ട് എസ്റ്റിമേറ്റുകൾ തയ്യാറാക്കിയാണ് ചെയ്തിട്ടുള്ളത്.

ചട്ടങ്ങൾക്ക് വിരുദ്ധമായതും, പഞ്ചായത്തിന്റെ സാമ്പത്തിക താല്പര്യങ്ങൾക്ക് നിരക്കാത്തതുമായ ഇത്തരത്തിലുള്ള നിർവ്വഹണം ഒഴിവാക്കേണ്ടതാണ്.

## 3-4 കുഴിച്ചെടുത്ത 731.848m3 മണ്ണ് എന്തുചെയ്തുവെന്നത് വ്യക്തമല്ല

താഴെ പറയുന്ന പ്രവൃത്തികളിൽനിന്നും കുഴിച്ചെടുത്ത 731.848m3 മണ്ണ് എന്തുചെയ്തുവെന്നത് എം.ബുക്കിലോ ഫയലിലോ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | കുഴിച്ചെടുത്ത മണ്ണിന്റെ അളവ് m3 | എം.ബുക്ക് നം. |
|---|---|---|---|
| 1 | 135/18-ഇമ്മട്ടിപ്പറമ്പ് റോഡ് കാന നിർമ്മാണം | 112.70 | 156/16-17 |
| 2 | 147/18-മയിലാട്ടുംപാറ മിച്ചഭൂമി കുടിവെള്ള പദ്ധതി | 365.87m3 | 131&134/16-17 |
| 3 | 49/18-മണിയൻകിണർ കുടിവെള്ള പദ്ധതി | 108.86m3 | 175&177/16-17 |
| 4 | 307/17- ഇരട്ടക്കുളം താളിക്കോട് കുടിവെള്ള പദ്ധതി | 101.603m3 | 168&172/16-17 |

| | | | |
|---|---|---|---|
| 5 | 58/18- ആൽപാറ കനാൽപുറം റോഡ് സൈഡ് പ്രൊട്ടക്ഷൻ | 42.815m3 | 109/16-17 |
| | ആകെ | 731.848m3 | |

5M3 മണ്ണ് ഒരു ലോഡ് എന്ന് കണക്കാക്കുമ്പോൾ ഇത് ഏകദേശം 146 ലോഡ് മണ്ണുണ്ട്. ഇത് എപ്രകാരം വിനിയോഗിച്ചുവെന്ന് എം.ബുക്കിലോ മറ്റെവിടേയുമോ രേഖപ്പെടുത്തിയിട്ടില്ല. റോഡ് നിർമ്മാണത്തിനായും മറ്റും കുഴിച്ചെടുത്ത മണ്ണ് റോഡിൽ നിക്ഷേപിക്കാൻ സാധ്യമല്ല. മാത്രമല്ല, മണ്ണ് ദൂരേക്ക് കൊണ്ടുപോകാൻ കൺവേയൻസ് അനുവദിച്ചിട്ടുമില്ല. മണ്ണ് ലേലം ചെയ്ത് വിറ്റതായും കാണുന്നില്ല.ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് നല്കിയ മറുപടിയിൽ മണ്ണ് അവിടെത്തന്നെ ഫില്ലിംഗിനായി ഉപയോഗിച്ചുവെന്ന മറുപടിയാണ് രേഖപ്പെടുത്തിയിട്ടുള്ളത് (എൻക്വയറി നം.9-5-19). മറുപടി തൃപ്തികരമല്ല. മണ്ണിന് പൊതുമാർക്കറ്റിൽ നല്ല വിലയുള്ളതിനാൽ സൈറ്റിൽ ആവശ്യമില്ലാത്ത മണ്ണ് ലേലം ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്. സൈറ്റിൽ ഉപയോഗിച്ച മണ്ണിന്റെ വിവരം എം.ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

## 3-5 വിനിയോഗവിവരം ഇല്ല

സെക്രട്ടറി നടപ്പാക്കിയ പദ്ധതികളുടെ വിനിയോഗവിവരം ലഭ്യമായിട്ടില്ല.

| പദ്ധതി | ബിൽ നം,തുക | കൈപ്പറ്റിയഏജൻസി |
|---|---|---|
| S397/18- ഭിന്നശേഷിക്കാർക്ക് റിസോഴ്സ് സെന്റർ | 14/17-18 /20.10.17--50000 | ജില്ലാപഞ്ചായത്ത് |
| S396/18- IMAബ്ലഡ്ബാങ്ക് | 13/17-18 /20.10.17--100000 | ജില്ലാപഞ്ചായത്ത് |
| S398/18- ABCപ്രോഗ്രാം | 15/17-18 /20.10.17--50000 | ജില്ലാപഞ്ചായത്ത് |
| S157/18- IKMവിഹിതം | 4/17-18 /20.7.17-500000 | IKM |

തുക കൈപ്പറ്റിയ ഏജൻസികളുമായി ബന്ധപ്പെട്ട് വിശദമായ വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്.

## 3-6 ഡെപ്പോസിറ്റ് പ്രവൃത്തികൾ-- അപാകതകൾ

നിർവഹണഉദ്യോഗസ്ഥൻ -- സെക്രട്ടറി

a)S270118-സ്ട്രീറ്റ്മെയിൻ ദീർഘിപ്പിക്കൽ.

ബിൽ നം.--34/17-18/20.3.18—12,60,127

35/17-18/20.3.18–10,69,556

പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ്മെയിൻ ദീർഘിപ്പിക്കൽ എന്ന പദ്ധതിക്കായി KSEB പട്ടിക്കാട് ഓഫിസിന് കൈമാറി. വാർഷികകണക്കിൽ മുൻകൂറായി കണക്കിലെടുത്തിട്ടില്ല.പദ്ധതി

പൂർത്തിയായതായി 26.4.19നാണ് വിനിയോഗപത്രം ലഭ്യമാക്കിയത്. ഫൈനൽ ബില്ലോ, പൂർത്തീകരണസാക്ഷ്യപത്രമോ ലഭ്യമാക്കിയിട്ടില്ല.

b).S431/18--സ്ട്രീറ്റ്മെയിൻ ദീർഘിപ്പിക്കൽ.

ബിൽ നം.-27/17-18/28.2.18–1,29,052

36/17-18/26.3.18 -- 1,88,148

വാർഡ് 18ൽ സ്ട്രീറ്റ്മെയിൻ ദീർഘിപ്പിക്കൽ പദ്ധതിക്കായി KSEB പുത്തൂർ ഓഫീസിന് കൈമാറി. വാർഷികകണക്കിൽ മുൻകൂറായി കണക്കിലെടുത്തിട്ടില്ല. 2018-19ലാണ് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയത്.

ഫൈനൽ ബില്ലോ, പൂർത്തീകരണസാക്ഷ്യപത്രമോ ലഭ്യമാക്കിയിട്ടില്ല.

മേൽ രണ്ട് പദ്ധതികളിലുമായി 300 എണ്ണം 40W ട്യൂബുകൾ, 27 CFL/LED എന്നിവ സ്ഥാപിക്കുന്നതിനും സൂപ്പർവിഷൻചാർജ് ഈടാക്കിയിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് ഇത്ര വിളക്കുകൾ വാങ്ങി സ്ഥാപിച്ചതിന്റെ രേഖകൾ ലഭ്യമല്ല. ഇപ്രകാരം വിളക്കുകൾ സ്ഥാപിച്ചതിന്റെ വിശദവിവരം KSEB യിൽ നിന്ന് ലഭ്യമാക്കേണ്ടതാണ്.

c)S259/18—ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ.

ബിൽ നം.--22/17-18/18.1.18—12,500

28/17-18/28.2.18–25,963

29/17-18/28.2.18-- 10,564

വാർഷികകണക്കിൽ മുൻകൂറായി ഉൾപ്പെടുത്തിയിട്ടില്ല.

വിനിയോഗപത്രം ലഭ്യമാകുമ്പോൾ വിശദമായ ഫൈനൽ ബിൽ, പൂർത്തീകരണപത്രം എന്നിവ ലഭ്യമാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-7 S029/18-- പട്ടികജാതി വനിതവ്യവസായസമുച്ചയം ഇലക്ട്രിഫിക്കേഷൻ–-അപാകതകൾ

നിർവഹണഉദ്യോഗസ്ഥൻ --സെക്രട്ടറി

ബിൽ നം.--36/16-17/31.3.17—1,20,000

വൗച്ചർ നം.--21700707/14.11.17-1,49,145

M.Book-70/16-17

കരാറുകാരൻ -- മജീദ് വി എം

2015-16 ൽ തുടങ്ങിയ ഈ പദ്ധതി 2017-18 ലാണ് പൂർത്തിയാക്കിയത്.

കരാറുകാരന് സ്ഥലം കൈമാറിയത് 2.3.16 നാണ്. കരാർപ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ടത് 30.3.16നാണ്. എന്നാൽ അളവുകൾ എടുത്തിട്ടുള്ളത് 24.7.17 നാണ്. ചെക്ക് മെഷർമെന്റ് നടത്തിയത് 27.7.17നാണ്. കരാറുകാരന് 31.3.17 ന് തന്നെ പാർട്ട് ബിൽ തയ്യാറാക്കാതെ തന്നെ മുൻകൂറായി തുക

നൽകി. ഇത് ശരിയല്ല. ഇതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/2.5.19)ന് വികസനഫണ്ട് നഷ്ടപ്പെടാതിരിക്കുന്നതിനാണ് തുക നൽകിയത് എന്നാണ് സെക്രട്ടറി മറുപടി നൽകിയത്.

മാത്രമല്ല എം ബുക്കിലും ബില്ലിലും സ്ഥലം കൈമാറിയ തീയതിയിലും പ്രവൃത്തി പൂർത്തിയാക്കിയ തീയതിയിലും തിരുത്തലുകൾ വരുത്തിയിട്ടുമുണ്ട്. പ്രവൃത്തി വൈകിയതിന് പിഴ ഈടാക്കിയിട്ടില്ല. അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2013-14 വർഷം ജില്ലാപഞ്ചായത്ത് 50ലക്ഷം രൂപ ചെലവിൽ നിർമ്മിച്ച കെട്ടിടമാണ്. 2018-19ൽ ലേലം നടത്തിയെങ്കിലും ഓഡിറ്റ് കാലയളവിലും കെട്ടിടത്തിൽ ഒരു സ്ഥാപനം പോലും പ്രവർത്തിക്കുന്നില്ല. കെട്ടിടം ഉപയോഗപ്രദമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 <u>തെരുവുവിളക്കുകൾ വാങ്ങൽ,അറ്റകുറ്റപ്പണികൾ --പദ്ധതി നടത്തിപ്പിലെ അപാകതകൾ</u>

തെരുവുവിളക്കുകളുടെ പരിപാലനത്തിനായി സെക്രട്ടറി 3പദ്ധതികളാണ് നടപ്പാക്കിയത്.

a)S274/18-പുതിയതെരുവുവിളക്കുകൾ വാങ്ങലും സ്ഥാപിക്കലും വാർഡ് 12, 16

വൗച്ചർ നം.--21701431/31.3.18—1,87,540

(KSEB—2290,Allumina Electronics-- 1,85,250)

Allumina Electronics,കക്കാടം പൊയിൽ എന്ന സ്ഥാപനത്തിൽ നിന്ന് 95എണ്ണം 40Wട്യൂബ് വാങ്ങി. എന്നാൽ സ്ഥാപിച്ചതായി സ്ഥാപനമോ കെ എസ് ഇബിയോ സാക്ഷ്യപ്പെടുത്തിയിട്ടില്ല. കെ എസ് ഇബിക്ക് സൂപ്പർവിഷൻ ചാർജ് 2,290 രൂപ നൽകിയിട്ടുണ്ട്.

b)S278/18—തെരുവുവിളക്ക് ഉപകരണങ്ങൾ വാങ്ങലും അറ്റകുറ്റപ്പണിയും.

അടങ്കൽ-- 6,00,000

ബിൽ നം.--12/17-18/15.9.17—1,10,770

20/17-18/15.1.18–87,695

24/17-18/24.1.18–4,00,000

4,00,000രൂപ തെരുവുവിളക്കുകൾ വാങ്ങുന്നതിനും 1,98,645 രൂപ റിപ്പയറിനും ചെലവഴിച്ചു.

c).S417/18—തെരുവുവിളക്ക് റിപ്പയർ

അടങ്കൽ --4,52,000

ബിൽ നം.--23/17-18/24.1.18—3,28,420

31/17-18/12.3.18–1,20,060

വൗച്ചർ നം.--21701423/31.3.18-745

തെരുവുവിളക്കുകൾ വാങ്ങുന്നതിനായി 6,00,000 രൂപയുടെ പദ്ധതികൾ നടപ്പാക്കി. (S274/18 ,S278/18 ). തെരുവുവിളക്കുകളുടെ റിപ്പയറിനായി ആകെ 6,52,000 രൂപയുടെ പദ്ധതി (S278/18,

S417/18)ആസൂത്രണം ചെയ്തു. എന്നാൽ ഇ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല. പകരം രണ്ട് പദ്ധതികളായി നടപ്പാക്കി. റിപ്പയർ പ്രവൃത്തികൾ രണ്ടും ഒരേ കരാറുകാരൻ തന്നെയാണ് ഏറ്റെടുത്തത്.

1.തെരുവുവിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററിൽ മൂല്യം ചേർക്കുന്നില്ല. വർഷാന്ത്യത്തിൽ ബാക്കിയുള്ളവയുടെ മൂല്യനിർണ്ണയം നടത്തി സാക്ഷ്യപ്പെടുത്തുകയോ ആയത് വാർഷികകണക്കിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

2.കരാറുകാരന് റിപ്പയറിനായി വിതരണം ചെയ്ത ഇനങ്ങളുടെ എണ്ണവും റിപ്പയർചെയ്തവയുടെ എണ്ണവും പൊരുത്തപ്പെടുന്നില്ല.മാത്രമല്ല കേടായവ തിരികെ നൽകിയതിന് കണക്കില്ല.അൺസർവീസബിൾ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല..

3.കരാറുകാരനുമായുള്ള കരാറിൽ (ഇനം.4)പുതിയ വിളക്കുകൾ 18 മാസത്തിനുള്ളിൽ കേടുവന്നാൽ പഞ്ചായത്തിൽ തിരികെ നൽകണമെന്ന് വ്യവസ്ഥ ഉണ്ട്.എന്നാൽ ആയത് പാലിച്ചതായി കാണുന്നില്ല.

4.9.2011-ലെ തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 3055/ഡി.എ.3/2011 നമ്പർ സർക്കുലർ പ്രകാരം തെരുവ് വിളക്കുകൾ സ്ഥാപിക്കലുമായി ബന്ധപ്പെട്ട പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനായി ബന്ധപ്പെടേണ്ട വ്യക്തികളുടെ ഫോൺ നമ്പർ കരാറുകാരൻ പ്രസിദ്ധപ്പെടുത്തേണ്ടതും ഇപ്രകാരം ലഭിക്കുന്ന പരാതികളുടെ സമയം, തീയതി, പരാതിക്കാരന്റെ പേര്, പരാതിയുടെ വിവരണം (പോസ്റ്റ് നമ്പർ ഉൾപ്പെടെ) എന്നിവ സംബന്ധിച്ച രജിസ്റ്റർ കരാറുകാരൻ തയ്യാറാക്കേണ്ടതും ഇതേ രജിസ്റ്ററുകൾ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയോ, വൈദ്യുതി ബോർഡിന്റെയോ ഓഫീസുകളിൽ സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ഇപ്രകാരമുള്ള ഒരു രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

5.പഞ്ചായത്ത് പരിധിയിലുള്ള തെരുവ് വിളക്കുകളുടെ ആകെ എണ്ണം, തരം (വാർഡ് തിരിച്ച്) രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തെരുവ് വിളക്കുകളുടെ എണ്ണം, തരം സംബന്ധിച്ച യാതൊരു കണക്കും പഞ്ചായത്തിലില്ല.

ധാരാളം തെരുവുവിളക്കുകൾ വാങ്ങി സൂക്ഷിക്കുന്നത് ആയതിന്റെ ഗാരന്റി കഴിയുന്നതിനും പഞ്ചായത്തിന് നഷ്ടം ഉണ്ടാക്കുന്നതിനും കാരണമാകും.

തെരുവ് വിളക്കുകളുടെ പരിപാലനം എന്നത് പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽപ്പെട്ടതാണ്. (കേരള പഞ്ചായത്ത് രാജ് ആക്ട് 166വകുപ്പ് (1) ഉപവകുപ്പ് 3-ാം പട്ടിക) ആവർത്തനച്ചെലവായിട്ടും നാളിതുവരെ കൃത്യമായ കണക്കുകളോ, അനുബന്ധരേഖകളോ ഇല്ലാതെ, സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ കൃത്യമായ മേൽനോട്ടം ഇല്ലാതെ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കുന്ന പ്രവണത പദ്ധതിപ്പണത്തിന്റെ ദുരുപയോഗത്തിന് കാരണമാകുമെന്നതിനാൽ ഈ വിഷയത്തിൽ പഞ്ചാത്ത് കമ്മറ്റിയുടെയും, വികസന സ്റ്റാന്റിങ്ങ് കമ്മറ്റിയുടെയും, അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-9 തുക സഞ്ചിതനിധിയിലേക്ക് അടവാക്കിയിട്ടില്ല.

2015-16 വർഷം വി.ഇ.ഒ നടപ്പാക്കിയ ജവഹർ ഭവനനിർമ്മാണപദ്ധതിക്കായി 1,40,000 രൂപ ധനസഹായം കൈപ്പറ്റിയ പ്രീതി സന്തോഷ് എന്ന ഗുണഭോക്താവ് പലിശ സഹിതം 1,46,536 രൂപ രസീത് നമ്പർ 117060102849/14.9.17 പ്രകാരം പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. ഈ തുക സർക്കാർ സഞ്ചിതനിധിയിലേക്ക് അടവാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കുവാൻ താൽപര്യപ്പെടുന്നു.

## 3-10 സാന്ത്വനപരിചരണ പരിപാടി - വാഹനവാടകയിനത്തിൽ

## അധിക തുക അനുവദിച്ചു

പദ്ധതി നം. 78/18

ബിൽ നം 1/17-18 തി. 22.7.17 തുക 87,080

ബിൽ നം 4/7-18 തി. 22.12.17 തുക 32,803

ചെക്ക് നം 3080599/15.1.18 തുക 1,00,000

പദ്ധതി പ്രകാരം ഹോം കെയറിനായി വാഹനം ഓടിയ വകയിൽ ഏപ്രിൽ 2017 മുതൽ ജൂൺ 2017 വരെ 1,300 രൂപ നിരക്കിൽ 36 ദിവസം 46,800 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ ജി ഒ( ആർ ടി) 3217/2015 ത.സ്വ.ഭ.വ തിയതി 29.10.2015 പ്രകാരം പരമാവധി വാഹന വാടകയിനത്തിൽ അനുവദിക്കാവുന്ന തുക 1.100 രൂപയാണ്. ഇതുപ്രകാരം 7,200 രൂപ അധികം അനുവദിച്ചിട്ടുണ്ട്. അധികം അനുവദിച്ച തുക തിരികെ ഈടാക്കേണ്ടതാണ്. വാഹന വാടകയിനത്തിൽ എല്ലാ ദിവസവും ഒരേ തുകയാണ് ചെലവഴിക്കുന്നതായി കാണുന്നത്. ട്രിപ്പ് ഷീറ്റിൽ യാത്രാദൂരം രേഖപ്പെടുത്തുന്നുമില്ല. ആയതിനാൽതന്നെ മേൽ ഉത്തരവിൽ അനുശാസിക്കും പ്രകാരം ഓടിയ കിലോമീറ്ററിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിക്കുന്നത് എന്നത് പരിശോധിക്കുക സാധ്യമല്ല. ട്രിപ്പ്ഷീറ്റിൽ കിലോമീറ്റർ രേഖപ്പെടുത്തുന്നുണ്ട് എന്നും ആയതിനനുസരിച്ചാണ് തുക കൈമാറുന്നത് എന്നും ഉറപ്പുവരുത്തേണ്ടതാണ്.

പ്രസ്തുത പദ്ധതി സ്പിൽ ഓവർ പദ്ധതിയാണ് നടപ്പിലാക്കിയിരിക്കുന്നത്. എന്നാൽ 2017-18 ൽ വന്നിട്ടുള്ള ചെലവുകൾക്കാണ് തുക ചെലവഴിച്ചിരിക്കുന്നത്.

# 3-11 കന്നുകുട്ടി പരിപാലന പദ്ധതി

കന്നുകുട്ടി പരിപാലന പദ്ധതി എന്ന പേരിൽ തൻവർഷം മൂന്ന് പദ്ധതികളാണ് വെറ്ററിനറി സർജൻ നടപ്പിലാക്കിയിരിക്കുന്നത്. പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. വനിത പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി.

പദ്ധതി നം - 11/18

ബിൽ നം പി 7/17-18 തി. 17.03.18 തുക 10,62,000

ഗുണഭോക്താക്കൾ - 85

2. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി

പദ്ധതി നം - 305/18

ബിൽ നം പി 2/17-18 തി. 15.02.18 തുക 2,81,250

ഗുണഭോക്താക്കൾ - 45

3. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി

പദ്ധതി നം - 10/18

ബിൽ നം പി 8/17-18 തി. 17.03.18 തുക 65,000

ഗുണഭോക്താക്കൾ - 50

മേൽ 3പദ്ധതികളിലുമായി 180 പേർക്കുള്ള സബ്സിഡി വിഹിതമാണ് എസ് എൽ ബി പിയ്ക്ക് കൈമാറിയിട്ടുള്ളത്. ക്ഷീരസഹകരണ സംഘങ്ങൾ മുഖേനയാണ് കാലിത്തീറ്റ വിതരണം നടത്തുന്നത്.

സംഘങ്ങളുടെ തീറ്റ വിതരണം നടത്തുന്ന വ്യക്തിഗത നാൾവഴി രജിസ്റ്റർ പരിശോധിച്ചതിൽ എസ് എൽ ബി പിയ്ക്ക് തുക കൈമാറിയ ഗുണഭോക്താക്കളുടെ എണ്ണവും രജിസ്റ്റർ പ്രകാരം തീറ്റ കൈപ്പറ്റുന്നവരുടെ എണ്ണവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ആയത് പുന പരിശോധിക്കേണ്ടതാണ്. കൂടുതൽ ഗുണഭോക്താക്കൾക്കായി തുക അനുവദിച്ചിട്ടുണ്ടെങ്കിൽ ആയത് തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ താഴെപ്പറയുന്ന ഗുണഭോക്താക്കൾ പദ്ധതിയിൽ തുടരുന്നതായി കാണുന്നില്ല.

| ഗുണഭോക്താവ് | സൊസൈറ്റി | കാലിത്തീറ്റ കൈപ്പറ്റിയ മാസം |
|---|---|---|
| ഷൈന, കിഴക്കേകുടിയില്, മഞ്ഞക്കുന്ന് | വിലങ്ങന്നൂർ | 3/18 മുതൽ /18 വരെ ( 6m – 9m) |
| ശോഭന, w/oരാജൻ കടമ്പാട്ട് ഹൗസ് ,തളിക്കോട് | പാണഞ്ചേരി | 3/18 മുതൽ 11/18 വരെ ( 6m – 14m) |
| അമ്മാളു, w/o കുട്ടപ്പൻ, മാളിയേക്കൽ എടപ്പാലം | പാണഞ്ചേരി | 3/18 മുതൽ 6/18 വരെ ( 6m – 9m) |
| കൗസല്യ, ചാത്തൻപറമ്പിൽ, ചീനിക്കടവ് | വിലങ്ങന്നൂർ | 3/18 മുതൽ 12/18 വരെ ( 6m – 15m) |
| അന്നമ്മ കുര്യാക്കോസ്, വട്ടുത്തുരുത്തിൽ | വിലങ്ങന്നൂർ | 3/18 മുതൽ 5/18 വരെ ( 6m – 8m) |

മേൽ ഗുണഭോക്താക്കൾ പങ്കാളികളായി പദ്ധതിയിൽ തുടരാത്തപക്ഷം അനുവദിച്ച സബ്സിഡി ബാക്കി നിൽക്കുന്നത് തിരിച്ചടവാക്കേണ്ടതുണ്ട്. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് എസ് എൽ ബി പി യിൽ നിന്നും പദ്ധതി പൂർത്തീകരണത്തിന്റെ വിശദാംശവും മേൽ പറഞ്ഞ പ്രകാരം പദ്ധതിയിൽ നിന്നും ഒഴിവാക്കപ്പെട്ട ഗുണഭോക്താക്കളുടെ സബ്സിഡി വിഹിതം ബാക്കി തുക സർക്കാരിലേക്ക് അടവാക്കിയതിന്റെ വിവരം എന്നിവ ആവശ്യപ്പെടേണ്ടതും ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 3-12 കുടിവെള്ള പദ്ധതികൾ - പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല

2017-18 ൽ തുക ചെലവഴിച്ച താഴെ പറയുന്ന കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ചുവോ ഇല്ലയോ എന്ന് ഫയൽ പരിശോധനയിൽനിന്നും അറിയാനാകുന്നില്ല. എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പദ്ധതിയുടെ നിലവിലുള്ള അവസ്ഥയെക്കുറിച്ച് വ്യക്തമാകുന്നില്ല. മോണിറ്ററിംഗ് റിപ്പോർട്ടിലും പദ്ധതിയെക്കുറിച്ചുള്ള യാതൊരു വിവരങ്ങളും ഉൾപ്പെടുത്തുന്നില്ല.

1. മണിയൻകിണർ കുടിവെള്ള പദ്ധതി (പ്രോജക്റ്റ്നം 49/18)

മേൽ പ്രവൃത്തിക്കായി 2017-18 ൽ 1,48,924/- രൂപ വൈദ്യുതി കണക്ഷനായി KSEBയിൽ അടവാക്കിയിരുന്നു. എന്നാൽ വൈദ്യുതി കണക്ഷൻ ലഭിച്ചതിന്റേയോ, ഈ തുകയുടെ വിനിയോഗ വിവരമോ ഫയലിൽ ലഭ്യമല്ല. ഓഡിറ്റ് എൻക്വയറി നം.9/3-5-19 ന് നല്കിയ മറുപടിയിൽ പദ്ധതി പൂർത്തീകരിച്ചുവെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും KSEB യിൽ അടവാക്കിയ തുകയുടെ വിനിയോഗ വിവരം

ലഭ്യമാക്കേണ്ടതാണ്.

2. മയിലാട്ടുംപാറ കുടിവെള്ള പദ്ധതി- 147/18

ഇതിൽ കുഴൽ കിണർ നിർമ്മാണം മാത്രമാണ് പൂർത്തീകരിച്ചിരിക്കുന്നത്. എസ്റ്റിമേറ്റ് റിപ്പോർട്ടുപ്രകാരം ബാക്കി പ്രവൃത്തികൾ MLA ഫണ്ട് ഉപയോഗിച്ച് പൂർത്തീകരിക്കുമെന്നാണ് കാണിച്ചിരിക്കുന്നത്. പ്രവൃത്തി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തുവോ എന്ന വിവരം ലഭ്യമാക്കേണ്ടതാണ്.

3. പള്ളിക്കുന്ന് കുടിവെള്ള പദ്ധതി -24/18

ഈ പദ്ധതിയുടെ വൈദ്യുതി കണക്ഷനായി KSEBയിൽ 7,250/-

രൂപ അടവാക്കിയിരുന്നു. വൈദ്യുതി കണക്ഷൻ ലഭിച്ചതിന്റേയോ, പദ്ധതി പൂർത്തീകരിച്ചതിന്റേയോ വിവരം ഫയലിൽ ലഭ്യമല്ല.

4. ആശാരിക്കാട് കുടിവെള്ള പദ്ധതി - 140/18

ഈ പദ്ധതിയുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന ഹൌസ് കണക്ഷൻ ഫൈനൽ ബിൽ പ്രകാരം ചെയ്തതായി കാണുന്നില്ല. ഈ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണ്.

## 3-13 അധിക തുക കരാറുകാരന് നല്കി

പ്രോജക്റ്റ്നം -440/18-പള്ളിക്കുന്ന് കുടിവെള്ള പദ്ധതി

അടങ്കൽ- ധനകാര്യകമ്മീഷൻ ഗ്രാന്റ് –4,00,000
ഗുണഭോക്തൃ വിഹിതം - 40,000

---------

4,40,000

കരാറുകാരൻ - ജേക്കബ് പി.ഡി.

എം ബുക്ക് നം. - 102/16-17

ട്രഷറി ബിൽ നം. -108/30-1`-18 Rs.4,00,000/-

എം. ബുക്കിൽ രേഖപ്പെടുത്തിയ പ്രകാരം മേൽ പ്രവൃത്തിയുടെ ആകെ പ്രവൃത്തിമൂല്യം 4,37,478/- രൂപയാണ്. എന്നാൽ തുക കൂട്ടിയിട്ടതിൽ വന്ന പിശകുമൂലം 4,40,000/-രൂപ എന്ന് എഴുതുകയും കിഴിവുകൾക്ക് ശേഷം കരാറുകാരന് 2,521/- രൂപ അധികം നല്കുകയും ചെയ്തു. അധികം നല്കിയ തുക കരാറുകാരനിൽനിന്നും തിരിച്ചുപിടിച്ച് പ്ലാൻ ഫണ്ടിലേക്ക് തിരികെ അടവാക്കേണ്ടതാണ്.

## 3-14 495000/- രൂപ എസ്റ്റിമേറ്റുള്ള പ്രവൃത്തിയിൽ 98722/- രൂപയുടെ മാത്രം പ്രവൃത്തി നിർവഹിച്ച് ഫൈനൽ ബിൽ നല്കി.

പ്രോജക്റ്റ്നം - 256/16- ഫ്രണ്ട് ഓഫീസ് ഷിഫ്റ്റിംഗ് ആന്റ് ഓഫീസ് റൂം അറേഞ്ച്മെന്റ്സ്.

മേൽ പ്രവൃത്തിക്കായി 2015-16 ൽ 4,95,000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതിക അനുമതി നേടിയിരുന്നു. തുടർന്ന് 2016-17 ൽ പദ്ധതിയുടെ അടങ്കൽ 1,95,000/- രൂപയാക്കി മാറ്റി. എന്നാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയോ, റിവൈസ്ഡ് T.S വാങ്ങുകയോ ഉണ്ടായില്ല. ഇത് ക്രമപ്രകാരമല്ല. മാത്രമല്ല, അടങ്കലിൽ മാറ്റം വരുത്താനുള്ള കമ്മറ്റി തീരുമാനവും ലഭ്യമാക്കിയില്ല. തുടർന്ന്, 2017-18 ൽ

98,722/- രൂപയുടെ ഫൈനൽ ബിൽ തയ്യാറാക്കി പ്രവൃത്തി അവസാനിപ്പിക്കുകയായിരുന്നു. അന്വേഷണത്തിൽ നിലവിലുണ്ടായിരുന്ന ഫ്രണ്ട് ഓഫീസ് പഞ്ചായത്ത് ഓഫീസിന്റെ പുറക് വശത്തേക്ക് മാറ്റി സ്ഥാപിക്കുന്നതിനായാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയതെന്നും, പിന്നീട് ഇതിന് ചില എതിർപ്പുകൾ ഉണ്ടായപ്പോൾ പദ്ധതി ഉപേക്ഷിക്കുകയായിരുന്നുവെന്നുമാണ്. തുടർന്ന് പഞ്ചായത്ത് ഓഫീസിന്റെ മുൻഭാഗത്തുതന്നെ ഫ്രണ്ട് ഓഫീസ് സ്ഥാപിച്ചു. നിലവിലുള്ള എസ്റ്റിമേറ്റിൽ സാരമായ കുറവുകളോ, കൂട്ടിച്ചേർക്കലുകളോ നടത്തുമ്പോൾ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതിക അനുമതി വാങ്ങേണ്ടതാണ്.

മറ്റ് അപാകതകൾ

1. 1/10/15 ൽ എഗ്രിമെന്റ് വെച്ച് 3മാസം പൂർത്തീകരണ കാലാവധിയുണ്ടായിരുന്ന മേൽ പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ നല്കിയത് 2017-18 ലാണ്. ദീർഘീകരണത്തിനായി കരാറുകാരന്റെ അപേക്ഷ, കമ്മറ്റി തീരുമാനം, സപ്ലിമെന്ററി എഗ്രിമെന്റ് എന്നിവയൊന്നും ഫയലിൽ ഇല്ല. കാലതാമസത്തിന് PWD മാനുവൽ സെക്ഷൻ 2112,2112.1 എന്നിവ പ്രകാരമുള്ള ഫൈൻ ഈടാക്കിയിട്ടില്ല.

2. കരാറുകാരൻ മേൽ പ്രവൃത്തി 1.5% കുറവിനാണ് ടെണ്ടർ വെച്ചിരുന്നത്. ഫൈനൽ ബില്ലിൽനിന്നും ഈ കുറവ് വരുത്തിയതായി കാണുന്നില്ല. 98,722/- രൂപയുടെ 1.5% തുകയായ 1,481/- രൂപ കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

# 3-15 ആസ്തികൾ ഉപയോഗപ്പെടുത്തുന്നില്ല

1.പഞ്ചായത്ത് ശ്മശാനം പ്രവർത്തിക്കുന്നില്ല.

2014-15 ലാണ് കെട്ടിടനിർമ്മാണം പൂർത്തിയായത്.

ചെലവ് വിവരം

ശ്മശാനനിർമ്മാണം--S210/2014-15

| പ്രവൃത്തി | തുക |
|---|---|
| കെട്ടിടനിർമ്മാണം | 1500000 |
| മെക്കാനിക്കൽ വർക്ക്സ് | 1029208 |
| കെട്ടിടം പൂർത്തീകരണം | 107739 |
| ചുറ്റുമതിൽ | 100000 |
| ചുറ്റുമതിൽ | 491974 |
| 10KVAജനറേറ്റർ | 298000 |
| ആകെ | 3526921 |

2016-17 ലാണ് ജനറേറ്റർ വാങ്ങിയത്.

S288/17- ശ്മശാനത്തിലേക്ക് ജനറേറ്റർ വാങ്ങൽ എന്ന പദ്ധതി.

സെക്രട്ടറിയാണ് നടപ്പാക്കിയത്.

ബിൽ നം.--33/16-17/31.3.17—2,98,000

ഡീസൽ പവർ എഞ്ചിനീയറിംഗ്, കോലഞ്ചേരി എന്ന സ്ഥാപനത്തിൽ നിന്ന് ജനറേറ്റർ വാങ്ങി. ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ പരിശോധനാവിവരം എന്നിവ ഇല്ല. ഇതൊന്നുമില്ലാതെയാണ് മുഴുവൻ തുകയും സ്ഥാപനത്തിന് നൽകിയത്. ടെണ്ടർനോട്ടീസിൽ 3വർഷ ഗാരന്റിയാണ് പഞ്ചായത്ത് ആവശ്യപ്പെട്ടത്. എന്നാൽ സ്ഥാപനം 2വർഷ ഗാരന്റിയാണ് ലഭ്യമാക്കിയത്.

അടങ്കൽ 5,00,000രൂപ ആയിരുന്നിട്ടും ഇ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

പഞ്ചായത്ത് ശ്മശാനം നടത്തുന്നതിന് ഭരണസമിതിയുടെ 1.11.17ലെ 1 ാംനമ്പർ തീരുമാനപ്രകാരം 14.11.17 ന് പുഷ്പരാജ് എന്ന വ്യക്തിയുമായി 40,000 രൂപക്ക് കരാർ വച്ചു. എന്നാൽ വാർഷികകണക്കിൽ ഈയിനത്തിൽ വരവ് ഇല്ല. ഇതുമായി ബന്ധപ്പെട്ട ഫയൽ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(10/3.5.19) മറുപടി ലഭ്യമാക്കിയിട്ടില്ല.

2018 ആഗസ്റ്റ് മുതൽ ശ്മശാനം പ്രവർത്തിക്കുന്നില്ല. ഇത്രയധികം തുക ചെലവഴിച്ച നിർമ്മിച്ച ശ്മശാനം പ്രവർത്തനക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

2.പഞ്ചായത്ത് ബസ് സ്റ്റാന്റ് ഉപയോഗിക്കുന്നില്ല.

പട്ടിക്കാട് സെന്ററിൽ നിന്ന് അകന്ന് പഞ്ചായത്തിന്റെ മുമ്പിലാണ് ബസ് സ്റ്റാന്റ്.

ചെലവ് വിവരം

| വർഷം | ഇനം | ചെലവ് |
|---|---|---|
| 2013-14 | ബസ് സ്റ്റാന്റ്കാത്തിരിപ്പുകേന്ദ്രം | 1076074 |
| | ബസ് സ്റ്റാന്റ് യാർഡ് കോൺക്രീറ്റിംഗ് | 741805 |
| 2014-15 | ബസ് സ്റ്റാന്റ് ഇംപ്രൂവ്മെന്റ് | 441954 |
| 2016-17 | ബസ് സ്റ്റാന്റ് കെട്ടിടം മെയിന്റനൻസ് | 150000 |
| | കംഫർട്ട്സ് റ്റേഷൻ | 50000 |
| | ആകെ | 2459833 |

നിലവിൽ യാത്രക്കാരോ ബസുകളോ ഈ സ്റ്റാന്റിൽ കയറുന്നില്ല. സ്റ്റാന്റ് ഉപയോഗപ്രദമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## **3-16** കാലതാമസത്തിന് ഫൈൻ ഈടാക്കുന്നില്ല

2015-16 വർഷത്തെ പല പദ്ധതികളും പൂർത്തീകരിച്ചിരിക്കുന്നത് 2017-18 ലാണ്. ഏതാനും ഉദാഹരണങ്ങൾ മാത്രം താഴെ ചേർക്കുന്നു

| ക്രമനം | പ്രവൃത്തിയുടെ പേര് | പൂർത്തീകരിക്കേണ്ട തീയ്യതി | പൂർത്തീകരിച്ച തീയ്യതി |
|---|---|---|---|
| 1 | കുട്ടാല AKG റോഡ് സോളിംഗ്, മെറ്റലിംഗ്, | 6/5/17 | 5/1/18 |

| | | | |
|---|---|---|---|
| | ടാറിംഗ്-77/18 | | |
| 2 | മയിലാട്ടുംപാറ മിച്ചഭൂമി കുടിവെള്ള പദ്ധതി-77/18 | 2/1/16 | 25/4/17 |
| 3 | പള്ളിക്കുന്ന് കുടിവെള്ള പദ്ധതി-440/18 | 2/1/16 | 9/3/17 |

പദ്ധതി പൂർത്തീകരണത്തിന് ഒരു വർഷത്തിലധികം കാലതാമസമുണ്ടായിട്ടും കരാറുകാരൻ ദീർഘീകരണത്തിനായി അപേക്ഷിക്കുകയോ, കമ്മറ്റി തീരുമാനമെടുക്കുകയോ, സപ്ലിമെന്ററി എഗ്രിമെന്റ് വെക്കുകയോ, നിയമാനുസൃതമായ ഫൈൻ ഈടാക്കുകയോ ചെയ്തിട്ടില്ല. ദീർഘീകരണം, ഫൈൻ ഈടാക്കൽ തുടങ്ങിയവയുമായി ബന്ധപ്പെട്ട PWD മാന്വലിലെ സെക്ഷനുകൾ കൃത്യമായി പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-17 ലാപ്ടോപ്പ് വിതരണം - പദ്ധതികളിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ – എച്ച്.എം. ഗവ.എൽ.പി.സ്കൂൾ
ലാപ് ടോപ്പ് വിതരണം എന്ന പേരിൽ തൻവർഷം 3 പദ്ധതികളാണ് നടപ്പിലാക്കിയിരിക്കുന്നത്. എസ് സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് എന്ന പേരിൽ 2 പദ്ധതികളും എസ് ടി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് എന്ന പേരിൽ 1 പദ്ധതിയും പദ്ധതികളുടെ നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

I. എസ് സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം.

പ്രോജക്ട് നം 150/18

ബിൽ നം 1/17-18 തിയതി 30.6.17 തുക 2,03,228

പദ്ധതി പ്രകാരം എ ഡോട്ട് കമ്പ്യൂട്ടേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും 7 കമ്പ്യൂട്ടറുകൾ വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2. വാങ്ങിയ കമ്പ്യൂട്ടറുകൾ സ്റ്റോക്കിലെടുത്തിട്ടില്ല.

3. സബ്സിഡി മാർഗ്ഗരേഖ പ്രകാരം പാരലൽ കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ ലഭിച്ചതായ രേഖകൾ ഹാജരാക്കിയാൽ മാത്രമേ ആനുകൂല്യം നൽകാൻ പാടുള്ളൂ. എന്നാൽ താഴെപ്പറയുന്ന വിദ്യാർത്ഥികൾ യൂണിവേഴ് സിറ്റി രജിസ്ട്രേഷൻ ലഭിച്ചതായ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

1)ശ്രുതി.എസ്, അമ്പലത്തുപറമ്പിൽ, പട്ടിക്കാട്. 2)നിമി. കെ എസ്, കുനംപുള്ളി.

രാഹുൽ.കെ.പി, തോലംതറവാട്ടിൽ എന്ന വിദ്യാർത്ഥി എസ് സി വിഭാഗത്തിൽപ്പെടുന്ന വ്യക്തിയാണെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല

രേഖകളുടെ അഭാവത്തിൽ 2,03,228/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

II. എസ് ടി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം.

പ്രോജക്ട് നം 256/18

ബിൽ നം 2/17-18 തിയതി 13.3.18 തുക 2,40,000

സ്മാർട്ട് ടെക്നോളജീസ് എന്ന സ്ഥാപനത്തിൽ നിന്നും 8 ലാപ് ടോപ്പുകൾ വാങ്ങി വിതരണം നടത്തിയിരിക്കുന്നു.

അപാകതകൾ

1പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2.ടെണ്ടർ അംഗീകരിച്ച തീരുമാനം ലഭ്യമല്ല. പർച്ചേസിംഗ് കമ്മിറ്റി തീരുമാനവും ലഭ്യമാക്കിയിട്ടില്ല.

3. സ്ഥാപനത്തിന് സപ്ലൈ ഓർഡർ നല്കിയതിന്റെ വിവരം ലഭ്യമല്ല.

4.സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയിട്ടില്ല.

5. സ്ഥാപനവുമായി കരാറിലേർപ്പെട്ടിട്ടില്ല.

6. രേഖകൾ ഹാജരാക്കാത്തതും, മറ്റ് അപാകതകളും

| ക്രമ നം | വിദ്യാർത്ഥിയുടെ പേര് | അപാകതകൾ |
|---|---|---|
| 1 | സഞ്ജയ് കുമാർ, സി.എസ്, ചെറുകുന്നത്ത്, പയ്യനം | സബ്സിഡി മാർഗ്ഗരേഖ പ്രകാരം പാരലൽ കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ ലഭിച്ചതായ രേഖകൾ ഹാജരാക്കിയാൽ മാത്രമേ ആനുകൂല്യം നൽകാൻ പാടുള്ളൂ.യൂണിവേഴ് സിറ്റി രജിസ്ട്രേഷൻ ലഭിച്ചതായ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. |
| 2 | മനീഷ.കെ.കെ<br>കുന്നംപുരയ്ക്കൽ, വാണിമ്പാറ | പഠിക്കുന്ന സ്ഥാപനത്തിൽ നിന്നുള്ള സാക്ഷ്യപത്രമില്ല. 16-17 വർഷം കോഴ്സ് പൂർത്തീകരിച്ചിട്ടുണ്ട്. യൂനിവേഴ്സിറ്റി പ്രൊവിഷനൽ സർട്ടിഫിക്കറ്റ് ലഭിച്ചിരിക്കുന്നത് 12.6.17 ൻ ആണ്. |
| 3 | വിനിത.എം.വി<br>മലയൻ ഹൗസ്, പയ്യനം | പി സി തോമസ്സ് എൻട്രൻസ് സ്റ്റഡി- ലാപ്ടോപ്പ് അനുവദിക്കാവുന്നതല്ല. |
| 4 | മനൂപ് കെ ടി | യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ ലഭിച്ചതായ വിവരങ്ങൾ |

| | | |
|---|---|---|
| | കുന്നംപുറത്ത് ഹൗസ്, പൂവ്വൻചിറ | ലഭ്യമാക്കിയിട്ടില്ല. പഠിക്കുന്ന കോഴ്സിന്റെ കാലാവധി 2015-17 ആണ്. |
| 5 | ഗ്രീഷ്മ എം എം മാക്കപറമ്പിൽ ഒളകര കോളനി | പഠിക്കുന്ന കോഴ്സിന്റെയോ സ്ഥാപനത്തിന്റെയോ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. |
| 6 | ജിഷ രാജൻ മണിയം കിണർ വാണിയംപാറ | പഠിക്കുന്ന കോഴ്സ്, സ്ഥാപന ത്തിന്റെ വിവരം, ജാതി തെളിയിക്കുന്ന രേഖ എന്നിവ ലഭ്യമാക്കിയിട്ടില്ല. |

ക്രമനം 2, 4 പ്രകാരമുള്ള വിദ്യാർത്ഥികൾ 16-17 വർഷത്തിൽ കോഴ്സ് പൂർത്തീകരിച്ചിട്ടുള്ളതിനാലും, ക്രമ നം 3 ലെ വിദ്യാർത്ഥി എൻട്രൻസ് കോച്ചിംഗിനാണ് പഠിക്കുന്നത് സബ്സിഡി മാർഗ്ഗരേഖ പ്രകാരം അത് അനുവദനീയമല്ലാത്തതിനാലും മേൽ പ്രകാരം 3 വിദ്യാർത്ഥികൾക്കായി അനുവദിച്ച ലാപ് ടോപ്പിന്റെ വിലയായ 90,000 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

മേൽ പ്രകാരം മറ്റ് അപാകതകൾ നിലനിൽക്കുന്നതിനാൽ ചെലവ് തുക 1,50,000 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

III. എസ് സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം.

പ്രോജക്ട് നം 250/18

ബിൽ നം 9/17-18 തിയതി 22.3.18 തുക 7,64,374

പദ്ധതിയിൽ ഇ ടെണ്ടർ മുഖേന ഷാർപ്പ് സിസ്റ്റം ആന്റ് സർവീസസ്, തൃപ്പൂണിത്തറ എന്ന സ്ഥാപനത്തിൽ നിന്നും 26 ലാപ് ടോപ്പുകൾ വാങ്ങിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പദ്ധതി പ്രകാരം 26 ലാപ്ടോപ്പുകൾ വാങ്ങിയിട്ടുണ്ടെങ്കിലും 24 എണ്ണം മാത്രമാണ് നാളിതുവരെ വിതരണം നടത്തിയത് വിതരണം ചെയ്യാതിരുന്നതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ലാത്തതുമാണ്. വ്യക്തമായ വിശദീകരണം ലഭ്യമാക്കുകയോ വിതരണം ചെയ്യുകയോ ചെയ്തിട്ടില്ലാത്ത സാഹചര്യത്തിൽ 2 ലാപ് ടോപ്പിനായി ചെലവ് വന്നിട്ടുള്ള 58,798 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

2. മേൽ സ്ഥാപനത്തിൽ നിന്നുള്ള വാങ്ങലിന് സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചുകൊണ്ടുള്ള കമ്മിറ്റി തീരുമാനം ലഭ്യമാക്കിയിട്ടില്ല.

3. വാങ്ങിയ ലാപ് ടോപ്പുകൾ സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും സ്റ്റോക്കിൽ വിതരണം രേഖപ്പെടുത്തിയിട്ടില്ല. 26 എണ്ണവും ബാലൻസ് ഉള്ളതായാണ് കാണിച്ചിരിക്കുന്നത്.

4. സ്ഥാപനവുമായി നിർവ്വഹണ ഉദ്യോഗസ്ഥ കരാറിലേർപ്പെട്ടിട്ടുണ്ടെങ്കിലും കരാറിൽ ഒപ്പുവെച്ചതായി കാണുന്നില്ല.

5. സെക്യൂരിറ്റി ഡെപ്പോസിറ്റ് അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

6.ഇ- ടെണ്ടർ മുഖേന നടപ്പിലാക്കിയ പദ്ധതിയിൽ ടെണ്ടർ ഫോമിന്റെ വില പഞ്ചായത്തിൽ

ലഭ്യമായിട്ടുണ്ടെങ്കിൽ വിവരം ഓഡിറ്റിനെ അറിയിക്കാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ലഭ്യമാക്കിയിട്ടില്ല.

6. രേഖകൾ ഹാജരാക്കാത്തതും, മറ്റ് അപാകതകളും.

| ക്രമ നം | വിദ്യാർത്ഥിയുടെ പേര് | അപാകതകൾ |
|---|---|---|
| 1 | ഇന്ദു ചന്ദ്രൻ<br>പൂവൻചിറ (H) | സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. |
| 2 | ശാലിനി. കെ.എസ്<br>കൊക്കിനി<br>താനിപ്പാടം | സബ്സിഡി മാർഗ്ഗരേഖ പ്രകാരം പാരലൽ കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ ലഭിച്ചതായ രേഖകൾ ഹാജരാക്കിയാൽ മാത്രമേ ആനുകൂല്യം നൽകാൻ പാടുള്ളൂ.യൂണിവേഴ് സിറ്റി രജിസ്ട്രേഷൻ ലഭിച്ചതായ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. |
| 3 | വിപിൻലാൽ<br>നടുകുടിയിൽ<br>ആശാരിക്കാട് | പഠിക്കുന്ന കോഴ്സിന്റെ വിവരമോ, പഠിക്കുന്ന സ്ഥാപനത്തിന്റെ സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രമോ ലഭ്യമാക്കിയിട്ടില്ല. |
| 4 | വിജിഷ്ണ<br>കിഴക്കൂടൻ<br>കുരങ്ങൻപാറ | പഠിക്കുന്ന കോഴ്സിന്റെ വിവരമോ, പഠിക്കുന്ന സ്ഥാപനത്തിന്റെ സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രമോ ലഭ്യമാക്കിയിട്ടില്ല. |
| 5 | അജിത്ത്.പി.ജെ<br>പെരുമ്പാലപറമ്പിൽ<br>പട്ടിക്കാട് | യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ ലഭിച്ചതായ വിവരം, ജാതി തെളിയിക്കുന്ന രേഖ എന്നിവ ലഭ്യമാക്കിയിട്ടില്ല. |
| 6 | സുമേഷ്.സി.കെ<br>ചുങ്കത്തൊടി | കോഴ്സ് കാലാവധി 2014-17 ആണ്. 16-17 വർഷം കോഴ്സ് പൂർത്തീകരിച്ചിട്ടുണ്ട്. |
| 7 | ഗിനിത.സി .റ്റി<br>ചെമ്പൂത്ര<br>പാണഞ്ചേരി | യൂണിവേഴ് സിറ്റി രജിസ്ട്രേഷൻ ലഭിച്ചതായ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. |
| 8 | ചിത്തിര കെ എ<br>കാഞ്ഞിരത്തിങ്കൽ<br>വടക്കുംപാടം | സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. |
| 9 | തുളസി ആനന്ദകൃഷ്ണ പി ആർ<br>പുന്നേക്കരയിൽ | യൂണിവേഴ് സിറ്റി രജിസ്ട്രേഷൻ ലഭിച്ചതായ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. |
| | ആനുകൂല്യം കൈപ്പറ്റിയ രാജേശ്വരി, ശിശിര എന്നീ വിദ്യാർത്ഥികളുടെ അപേക്ഷകളോ അനുബന്ധ രേഖകളോ ഹാജരാക്കിയിട്ടില്ല. | |

മേൽ അപാകതകളുടെ വെളിച്ചത്തിൽ ചെലവ് തുക 7,05,576 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 3-18 പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ- രേഖകൾ ഹാജരാക്കിയില്ല ചെലവ് തുക തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥ – എച്ച്.എം. ഗവ. എൽ.പി.സ്കൂൾ, പാണഞ്ചേരി
പ്രോജക്ട് നം 382/18

ബിൽ നം.3 /17-18 തിയതി 13.03.18 തുക 99,631

പദ്ധതി പ്രകാരം ക്വട്ടേഷൻ നടപടികളിലൂടെ FIDCO യിൽ നിന്നും 23 മേശയും കസേരയും വാങ്ങിയിട്ടുണ്ട്. എന്നാൽ സ്ഥാപനവുമായി കരാറിലേർപ്പെട്ടിട്ടില്ല. ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ അപേക്ഷകളോ അനുബന്ധ രേഖകളോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മാത്രമല്ല സ്കൂൾ അധികൃതർ മുഖേന ആനുകൂല്യം ആവശ്യമായ വിദ്യാർത്ഥികളുടെ ലിസ്റ്റ് ലഭ്യമാക്കിയതായും കാണുന്നില്ല. മേൽ രേഖകളുടെ അഭാവത്തിൽ പദ്ധതിയ്ക്കായി ചെലവഴിച്ച 99,631 രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെയ്ക്കുന്നു.

## 3-19 പട്ടികജാതി / പട്ടിക വർഗ്ഗ ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് പുതിയ സൈക്കിൾ വാങ്ങി നൽകൽ- പദ്ധതികളിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ – ഹെഡ് മാസ്റ്റർ, ഗവ.എൽ.പി സ്കൂൾ
സൈക്കിൾ വാങ്ങി നൽകൽ എന്ന പദ്ധതിയിൻ കീഴിൽ തൻവർഷം 2 പദ്ധതികളാണ് നടപ്പിലാക്കിയിരിക്കുന്നത്. പട്ടികവർഗ്ഗ ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് പുതിയ സൈക്കിൾ വാങ്ങി നൽകൽ, പട്ടികജാതി ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് പുതിയ സൈക്കിൾ വാങ്ങി നൽകൽ എന്നിങ്ങനെ 2 പദ്ധതികൾ പദ്ധതി നടത്തിപ്പുകളിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1.പട്ടികജാതി ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് പുതിയ സൈക്കിൾ വാങ്ങി നൽകൽ

പ്രോജക്ട് നം 246/18

ബിൽ നം 4/17-18 തിയതി 22.3.18 തുക 2,39,030

ബിൽ നം 8/17-18 തിയതി 22.3.18 തുക 2,08,343

പദ്ധതി പ്രകാരം ആകെ 107 കുട്ടികൾക്ക് വേണ്ടിയാണ് സൈക്കിൾ വാങ്ങിയിരിക്കുന്നത്.

2. പട്ടികവർഗ്ഗ ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് പുതിയ സൈക്കിൾ വാങ്ങി നൽകൽ.

പ്രോജക്ട് നം 253/18

ബിൽ നം 5/17-18 തിയതി 13.3.18 തുക 99,640

പദ്ധതി പ്രകാരം ആകെ 24 കുട്ടികൾക്ക് വേണ്ടിയാണ് സൈക്കിൾ വാങ്ങിയിരിക്കുന്നത്.
മേൽ 2 പദ്ധതികളിലും മുരളി സൈക്കിൾ മാർട്ട് കരുനാഗപ്പള്ളി എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ നടപടികളിലൂടെയാണ് വാങ്ങൽ നടത്തിയിരിക്കുന്നത്. രണ്ട് പദ്ധതികളിലെയും നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.107 സൈക്കിൾ വാങ്ങിയതിൽ (പദ്ധതി നം 246/18)വിതരണ രജിസ്റ്റർ പ്രകാരം 85 എണ്ണമാണ്

വിതരണം നടത്തിയതായി കാണുന്നത്.

2. അപേക്ഷകൾ ലഭ്യമാക്കിയിട്ടില്ല. ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വകുപ്പിൽ നിന്ന് ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം, പഠിക്കുന്ന സ്കൂളിൽ നിന്നുള്ള സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല.

3. സ്കൂൾ മുഖേനയല്ല വിതരണം നടത്തിയിരിക്കുന്നത്.

4. പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

5.ടെണ്ടർ അംഗീകരിച്ച തീരുമാനം ലഭ്യമല്ല. പർച്ചേസിംഗ് കമ്മിറ്റി തീരുമാനവും ലഭ്യമാക്കിയിട്ടില്ല.

6. സ്ഥാപനത്തിന് സപ്ലൈ ഓർഡർ നല്കിയതിന്റെ വിവരം ലഭ്യമല്ല.

7. സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയിട്ടില്ല.
മേൽ അപാകതകളുടെ വെളിച്ചത്തിൽ ചെലവ് തുക 5,47,013 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 3-20 ക്യാമ്പുകളുടെ നടത്തിപ്പ് - മാർഗ്ഗരേഖ നിർദ്ദേശം പാലിച്ചില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ – ഹെഡ് മാസ്റ്റർ, ഗവ.എൽ.പി.സ്കൂൾ
ക്യാമ്പ് നടത്തിപ്പുമായി ബന്ധപ്പെട്ട് തൻവർഷം 2 പദ്ധതികളാണ് നടപ്പിലാക്കിയിരിക്കുന്നത്. പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.പെൺകുട്ടികൾക്ക് കരാട്ടെ ക്യാമ്പ്

പ്രോജക്ട് നം 152/18

ബിൽ നം 7/17-18 തിയതി 22.3.18 തുക 1,00,000

2. കുട്ടികൾക്ക് സമ്മർ കേച്ചിംഗ് ക്യാമ്പ്

പ്രോജക്ട് നം 306/18

ബിൽ നം 10/17-18 തിയതി 22.3.18 തുക 2,97,950

പെൺകുട്ടികൾക്ക് കരാട്ടെ ക്യാമ്പ് എന്ന പദ്ധതിയിൻ കീഴിൽ 50 കുട്ടികൾക്ക് 24 ദിവസം കരാട്ടെ പരിശീലനം നൽകിയ വകയിൽ നിഖിൽ. വി എസ് എന്ന വ്യക്തിയ്ക്ക് 19,200 രൂപ ഹോണറേറിയം അനുവദിച്ചിട്ടുണ്ട്. അതുപോലെത്തന്നെ കുട്ടികൾക്ക് സമ്മർ കേച്ചിംഗ് ക്യാമ്പ് എന്ന പദ്ധതിയിൻ കീഴിൽ ഫുട്ബോൾ കോച്ചിംഗ് ക്യാമ്പ് നടത്തിയതിന് ഹോണറേറിയം ഇനത്തിൽ രമേഷ് .കെ .കെ എന്നയാൾക്ക് 91,200 രൂപയും അനുവദിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം സ്പോട്സ് കൌൺസിൽ അംഗീകരിച്ച പരിശീലകരുടെ സഹായത്തോടെയാവണം പരിശീലനം നൽകേണ്ടത് എന്നാൽ പരിശീലകന്റെ യോഗ്യത തെളിയിക്കുന്ന യാതൊരു രേഖയും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ മേൽ പ്രകാരം ചെലവ് ചെയ്ത 1,10,400 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്റ്റുകൾക്ക് ചെലഴിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 150000 | സാന്ത്വന പരിചരണ പരിപാടി | 150000 | 0 |
| ,, | ,, | 425000 | ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 425000 | 0 |
| ,, | ,, | 325000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്. | 325000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 2000000 | ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 2000000 | 0 |
| ,, | ,, | 200000 | അംഗൻവാടി അനുപൂരക പോഷകാഹാരം | 200000 | 0 |
| ,, | ,, | 325000 | ശാരീരികവും മാനസികവുമായ വെല്ലുവിളി നേരിടുന്ന വിദ്യാർത്തികൾക്കുള്ള സ്കോളർഷിപ്പ് | 325000 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 894490dt. 16.01.18 1073423 dt. 26.02.18 1073429 dt. | 49027 | 49027 | 0 |

| | | | | | |
|---|---|---|---|---|---|
| | | 26.02.18 | | | |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | 1177600 dt. 15.03.18 1177602 dt. 15.03.18 | 2329683 | 2329683 | 0 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | 1073426 dt. 26.02.18 1252082 dt. 22.03.18 | 317200 | 317200 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് | ഉത്തരവ് നം./തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | |
|---|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | മുതൽ | പലിശ |
| ഇ.എം.എസ് ഭവന വായ്പ | J2-35445/10 തീ.01.12.2012 | 14927800 | 127323 | 127323 | 0 | 0 | 0 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുന്ന ഖണ്ഡികകളുടെ വിവരം

-

## 4-8 ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 131574926 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 143696565 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1653500 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2647648 |
| ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1653500 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 1493500 | ഭാസുരാംഗൻ.വി, സെക്രട്ടറി. |
| 3-10 | -- | 7200 | ഡോ.സജീന.എ മെഡിക്കൽ ഓഫീസർ, പി എച്ച്. സി |
| 3-13 | | 2521 | ഹംസ.പി.ഐ., അസി.എഞ്ചിനീയർ |
| 3-14 | | 1481 | ഹംസ.പി.ഐ., അസി.എഞ്ചിനീയർ |
| 3-17 -II | | 90000 | ശ്രീമതി.രഞ്ജിനി സി, എച്ച്.എം . |
| 3-17 -III | | 58798 | " " |
| ആകെ | | 1653500 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 831800 | ഭാസുരാംഗൻ.വി, സെക്രട്ടറി. |
| 3-17 -I | 203228 | ശ്രീമതി.രഞ്ജിനി സി, എച്ച്.എം |
| 3-17- I I | 150000 | " " |
| 3-17- I I I | 705576 | " " |
| 3-18 | 99631 | " " |

| | | |
|---|---|---|
| 3-19 | 547013 | “ “ |
| 3-20 | 110400 | “ “ |
| ആകെ | 2647648 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

-

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഭാസുരാംഗൻ.വി, സെക്രട്ടറി. | വിരമിച്ചു | ഭാസുരം,ചെത്തിപ്പറമ്പ്, ഇരിങ്ങാലക്കുട |
| ഡോ.സജീന.എ മെഡിക്കൽ ഓഫീസർ. പി എച്ച്. സി | പി.എച്ച്.സി,പാണഞ്ചേരി | താഴത്തേതിൽ ഹൗസ്, ചെമ്പൂത്ര |
| ഹംസ.പി.ഐ, അസി.എഞ്ചിനീയർ | വിരമിച്ചു | പുതിയവീട്ടിൽ ഹൗസ്, കാട്ടൂർ.പി.ഒ. |
| ശ്രീമതി.രഞ്ജിനി സി, എച്ച്.എം | വിരമിച്ചു | ചോരിഞ്ചാത്ത് ഹൗസ്, ചേർപ്പ് വെസ്റ്റ് |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1992-93,1993-94 | എൽ .എഫ്.ടി9-1660/95/ 6.2.96 |
| 1994-95,95-96 | എൽ . എഫ്. ടി9- 1646/ 7.2.98 |
| 1996-97 | എൽ.എഫ്.ടി11- 1430/ 98/12.4.99 |

| | |
|---|---|
| ചെലവ് | |
| 1996-97ഫൈനൽ | എൽ . എഫ്. ടി11- 1344/ 06/15.5.07 |
| 1997-98ചെലവ് | എൽ . എഫ്. ടി11-1428/ 98/12.4.99 |
| 1997-98 | എൽ.എഫ്. ടി11- 1345/06/ 15.5.07 |
| 1998-99ചെലവ് | എൽ . എഫ്. ടി11- 1143/00/ 6.6.00 |
| 1998-99ഫൈനൽ | എൽ.എഫ്.ടി11-1761/07/ 24.5.08 |
| 99-00ചെലവ് | എൽ.എഫ്.ടി11-757/03/ 15.9.03 |
| 99-00ഫൈനൽ | എൽ.എഫ്.ടി11-2364/07/ 27.5.08 |
| 00-01, 01-02 ഫൈനൽ | എൽ.എഫ്.ടി11-287/04/ 21.5.04 |
| 2000-01,2001-02 | എൽ.എഫ്.ടി11-1734/07/ 25.5.08 |
| 2002-03 | എൽ.എഫ്.ടി11-1048/08/ 31.8.09 |
| 2003-04 | എൽ.എഫ്.ടി11-1049/08/ 31.8.09 |
| 2004-05 | എൽ .എഫ്.ടി11-291/09 |
| 2005-06 | എൽ.എഫ്.ടി11-1738/13.3.10 |
| 2006-07 | എൽ .എഫ്.ടി11-1739/12/ 24.7.10/10.12.10 |
| 2007-08 | എൽ .എഫ്.ടി.4-88/12/ 30.3.12 |
| 2008-09 | എൽ .എഫ്.ടി.പി.4-89/12/ 31.3.12 |
| 2009-10 | എൽ .എഫ്.ടി.പി 4-90/12/ 9.4.12 |
| 2010-11 | എൽ .എഫ്.ടി.പി.4-91/12/ 4.4.12 |
| 2011-12 | എൽ .എഫ്.ടിപി.4-855/13/ 7.9.13 |
| 2012-13 | എൽ .എഫ്.ടിപി.8-218/14/ 16.9.14 |
| 2013-14 | എൽ .എഫ്.ടി.പി8-13/15/ 8.5.15 |
| 2014-15 | എൽ .എഫ്.ടി.പി.8-1064/16/ 30.6.16 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ(പി8)1891/16 തീയതി 01.11.2016 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ(പി8)1630/17 തീയതി 29.11.2017/18.12.2017 |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

# അനുബന്ധം -1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ പാണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പാണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം<br>
തൃശ്ശൂർ

# അനുബന്ധം-2

## ഓഡിറ്റ് സംക്ഷിപ്തം

| | | |
|---|---|---|
| - | സംക്ഷിപ്തം(AuditedAbstract) | പകർപ്പുകൾ ഉള്ളടക്കം ചെയ്തിട്ടുണ്ട് |
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ